# 1

# വന്ദനം

# കൊലൊസ്യർ 1:1, 2

### പൗലൊസിൽ നിന്നും തിമൊഥെയൊസിൽ നിന്നും (1:1)

**[1]ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസും സഹോദരനായ തിമൊഥെയോസും കൊലൊസ്സ്യയിലുള്ള വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വസ്ത സഹോദരന്മാരുമായവർക്കു എഴുതുന്നതു:**

**"പൗലൊസ് ..." (1:1)**

അപ്പോസ്തൊലിക അധികാരത്താൽ താൻ ലോകനത്തിന്റെ കർത്താവാണെന്ന് തിരിച്ചറിയിച്ചുകൊണ്ടാണ് **പൗലൊസ്** തന്റെ ലേഖനം കൊലൊസ്സ്യർക്ക് പരിചയപ്പെടുത്തുന്നത്. തിമൊഥെയോസിനെ ക്രിസ്തുവിലുള്ള സഹോദരനായും തന്റെ അകമ്പടി സേവകനായും പറഞ്ഞിരിക്കുന്നു. അതിനെ തുടർന്ന്, കൊലൊസ്യയിലെ ക്രിസ്തുവിലുള്ള സഹോദരന്മാരെ സംബോധന ചെയ്തു, അവർക്കു ദൈവത്തിൽ നിന്നനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

തന്റെ പേരോടു കൂടിയാണ് പൊലൊസിന്റെ 13 ലേഖനങ്ങളും ആരംഭിക്കുന്നത്. ഈ ലേഖനം "പൗലൊസ്" എന്നു പറഞ്ഞാരംഭിച്ച് അന്നത്തെ കീഴ്നടപ്പ് സാഹചര്യങ്ങളെ ക്കുറിച്ചു പറഞ്ഞു. സാധാരണ അവൻ തന്റെ പേരും, തന്റെ കൂടെയുള്ളവരുടെ പേരുകളും ചേർത്താണ് ഗുണഭോക്താക്കൾക്ക് വന്ദനം ചെയ്യുന്നത്.

അപ്പൊസ്തലനെ പ്രവൃത്തികളുടെ പുസ്തകത്തിൽ രണ്ട് പേരുകളിലാണ് പരിചയപ്പെടുത്തുന്നത്, "ശൗൽ" എന്നും "പൗലൊസ്" എന്നുമാണ് (പ്രവൃ. 13:9). അവൻ യെഹൂദന്മാരുടെ മദ്ധ്യേ ആയിരുന്നപ്പോൾ തന്റെ എബ്രായ പേരായ "ശൗൽ" എന്നറിയപ്പെട്ടിരുന്നു (*ഷാഉൽ*, അർത്ഥം "ദൈവത്തോടു ചോദിച്ചു"). അതിനു തുല്യമായ ഗ്രീക്ക് വാക്ക് *സൗലൊസ്* ആണ്. പൗലൊസ് ജാതികളോടു സുവിശേഷം പ്രസംഗിച്ചപ്പോൾ, ലൂക്കൊസ് അവന്റെ ഗ്രീക്ക് പേരാണ് ഉപയോഗിച്ച് തുടങ്ങിയത്-*പൗലൊസ്,* അർത്ഥം "ചെറിയ" അല്ലെങ്കിൽ "കുറച്ച്" എന്നാണ്. തന്റെ ലേഖനങ്ങളിൽ, അവൻ തന്നെ "പൗലൊസ്" എന്നാണ് പറഞ്ഞിരിക്കുന്നത് (ഉദാഹരണത്തിന്, റോമ. 1:1; 1 കൊ. 1:1). 2 പത്രൊസ് 3:15-ൽ, പത്രൊസ് അവനെ "പൗലൊസ്" എന്നാണ് വിളിച്ചത്, പൗലൊസിന്റെ ലേഖനങ്ങൾക്കും പ്രവൃത്തികളുടെ പുസ്തകത്തിനും പുറത്ത് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ആ പേരുള്ളത്.

ദമസ്കോസിലേക്കുള്ള യാത്രാനുഭവം വിവരിച്ചുകൊണ്ട് (പ്രവൃ. 22:7; 26:14), പൗലൊസിനെ യേശു "ശൗലേ ശൗലേ ..." എന്നു വിളിച്ചത് ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. മറ്റ് സന്ദർഭങ്ങളിലെല്ലാം അവൻ തന്നെ "പൗലൊസ്" എന്നാണ് പറഞ്ഞത്. തന്റെ ലേഖനങ്ങളിലൊന്നും "ശൗൽ" എന്ന് അവനെ വിളിച്ചില്ല-ഒരുപക്ഷെ അവയെല്ലാം ജാതികൾക്ക് വേണ്ടി അല്ലെങ്കിൽ

ജാതികളുടെ പശ്ചാത്തിലുള്ള വ്യക്തികൾക്ക്, ഉദാഹരണമായി തിമൊഥെയോസിനു, തീത്തോസിനു, ഫിലെമൊനു എഴുതിയതുകൊണ്ടാകാം.

ചില ആളുകൾ പറയുന്നത് അവൻ ക്രിസ്ത്യാനിയായപ്പോൾ "ശൗൽ" എന്ന പേർ മാറ്റി "പൗലൊസ്" എന്നാക്കി എന്നത്രേ. അത് ശരിയായിരിക്കയില്ല. ലൂക്കൊസ് അവനെ, അവന്റെ പരിവർത്തനം കഴിഞ്ഞ് ഏതാണ്ട് പന്ത്രണ്ട് വർഷത്തോളം "ശൗൽ" എന്നു തന്നെയാണ് വിളിച്ചത് (പ്രവൃ. 7:58; 8:1–3; 9:1–22; 11:25–30; 13:1, 2). കുപ്രൊസ് ദ്വീപിലെ പാഫൊസിൽ അവന്റെ ആദ്യത്തെ മിഷ്ണറി പ്രവർത്തനത്തിൽ ആണ് അവനെ "പൗലൊസ്" എന്ന് വിളിച്ചത്. ലൂക്കൊസ് എഴുതി, "പൗലൊസ് എന്നും പേരുള്ള ശൗൽ" (പ്രവൃ. 13:9). അവനെ ലൂക്കൊസ് "ശൗൽ" എന്ന പേർ മാറ്റി "പൗലൊസ്" എന്നാക്കി എന്നല്ല പറഞ്ഞത്. "അപ്പൊസ്തലൻ ഒരുപക്ഷെ, ശൈശവ പ്രായം മുതൽ, രണ്ട് പേരുകളും, *ശൗൽ* (*സാഓൽ, സൗലോസ്*) *പൗലൊസ്.*"[1] എബ്രായ പേരും ഗ്രീക്ക് പേരും ഒരാൾക്ക് ഉണ്ടായിരിക്കുക ആസാധാരണമായിരുന്നില്ല.

മറ്റപ്പോസ്തലന്മാരെക്കാൾ അധികമായി അറിയുന്നത് പൗലൊസിനെയാണ്-പ്രവൃത്തികളുടെ പുസ്തകത്തിൽ നിന്നു മാത്രമല്ല (അദ്ധ്യാ. 13–28), അവന്റെ ലേഖനങ്ങളിൽ നിന്നുകൂടെയുമാണ്. അവന്റെ പരിവർത്തനം കഴിഞ്ഞ ഉടനെ, അവൻ ക്രിസ്തുവിനെക്കുറിച്ചു ദമസ്കോസിലും യെരുശലേമിലും പ്രസംഗിച്ചു (പ്രവൃ. 9:19–22, 26–28). യെഹൂദന്മാർ അവന്റെ ജീവനു ഭീഷണി ഉയർത്തിയതിനാൽ, അവനെ തർസ്സോസിലേക്കു അയച്ചു (പ്രവൃ. 9:29, 30). ഒടുവിൽ ബർന്നബാസ് അവനെ തർസ്സോസിൽ നിന്നു അന്ത്യോക്യയിലേക്കു കൊണ്ടുവരുന്നതുവരെ അവൻ അറിയപ്പെടാതെ തന്നെ കഴിഞ്ഞിരുന്നു (പ്രവൃ. 11:22–26; ഗലാ. 1:22). അതിനു ശേഷം, അവൻ മൂന്നു മിഷ്ണറി യാത്രകൾ നടത്തി (പ്രവൃ. 13:1–21:15).

മൂന്നാമത്തെ മിഷ്ണറി യാത്രയുടെ ഒടുവിൽ പൗലൊസ് യെരുശലേമിൽ പ്രത്യക്ഷപ്പെട്ടു തടവിലാകുകയും ചെയ്തു. യെഹൂദന്മാർ അവനെ കൊല്ലുവാൻ ആലോചിച്ചു, എന്നാൽ റോമൻ സൈന്യാധിപൻ അവനെ രക്ഷപ്പെടുത്തി (പ്രവൃ. 21:26–39). അവിടെ നിന്നു അവനെ കൈസര്യക്കു കൊണ്ടുപോകയും ആദ്യം ഫെലിക്സും പിന്നെ ഫെസ്ത്തോസും അഗ്രിപ്പാവും അവനെ വിചാരണ ചെയ്തു (പ്രവൃ. 23–27). ഒരു റോമാ പൗരനായതുകൊണ്ട്, അവൻ റോമിൽ കൈസരുടെ വിചാരണ ആവശ്യപ്പെടുകയും, അവിടെ രണ്ടു വർഷം തന്റെ വാടകവീട്ടിൽ താമസിച്ച് സുവിശേഷം പ്രസംഗിക്കുകയും ചെയ്തു (പ്രവൃ. 28:30).

പിന്നീടുള്ള അവന്റെ ജീവിതത്തിലെ സംഭവങ്ങൾ, അവൻ തിമൊഥെയോസിനും തീത്തോസിനും ലേഖനങ്ങൾ എഴുതിയതിലും ദൈവശ്വാസീയമല്ലാത്ത പാരമ്പര്യത്തിലും കാണാം:

> നീറോ ചക്രവർത്തിയുടെ കയ്യാൽ തടവിലാക്കി കൊല്ലപ്പെടുന്നതിനു മുമ്പ് അയേഗ്യാ പ്രദേശത്തിലും സ്പെയിനിലും എ. ഡി. 63 ൽ ജയിൽ മോചിതനായി സന്ദർശനം നടത്തിയിരിക്കാം (സി. എ. ഡി. 67). *1 ക്ലെമന്റ്* (5.5–7; ?എ. ഡി. 95), ദ മൊറാറ്റോറിയൻ കാനോൻ (സി. എ. ഡി 170), ആന്റ് ദ അപ്പോക്രിഫൽ (വെർസെലി) *ആക്സ് ഓഫ് പീറ്റർ* (1.3; സി. എ. ഡി. 200) സ്പെയിനിലേക്കുള്ള യാത്ര സാക്ഷ്യപ്പെടുത്തുന്നു; കൂടാതെ പാസ്റ്റോറൽ എപ്പിസ്റ്റലുകളിൽ പ്രവൃത്തികൾക്കു-ശേഷമുള്ള

പൂർവ്വ ദേശങ്ങളിലെ ശുശ്രൂഷയെ പറഞ്ഞിരിക്കുന്നതു കാണാം.[2]

ഒരുപക്ഷെ, വിചാരണക്കു ശേഷം ജയിൽ മോചിതനാകുകയും അവൻ തിമൊഥെയോസിനെ എഫെസോസിൽ വിട്ടു മക്കെദോന്യ വഴിയായി (1 തിമെ. 1:3) സ്പെയിനിലേക്കുള്ള മിഷ്ണറി യാത്രക്കു പോയിരിക്കാം (റോമ. 15:24). ആ മിഷ്ണറിയാത്രയിൽ അവൻ ക്രേത്ത വഴിയായി പോകുകയും, അവിടെ ശേഷിച്ച കാര്യങ്ങൾ ക്രമപ്പെടുത്താൻ തീത്തൊസിനെ വിട്ടിട്ടു പോകുകയും ചെയ്തു (തിത്തൊ. 1:5). അവൻ പിന്നെ ശൈത്യകാലം നിക്കപ്പൊലിയിൽ ചിലവഴിക്കുവാൻ ആഗ്രഹിച്ചു (തിത്തൊ. 3:12).[3] അവൻ സ്പെയിനിൽ നിന്നു മടങ്ങുമ്പോൾ ഒരുപക്ഷെ റോമിൽ തടവിലായിക്കാണും (2 തിമൊ 1:16, 17; 2:9).[4] രണ്ടാമത്തെ വിചാരണക്ക് ആദ്യം പ്രത്യക്ഷനായശേഷം, അവനെ കുറ്റപ്പെടുത്തിയില്ലെങ്കിലും തടവിലാക്കിയിരിക്കാം (2 തിമൊ. 4:16–18). എങ്ങനെയായാലും, താൻ മോചിതനാകുമെന്ന ആശ അവനിൽ ഇല്ലാതെയായി; തന്റെ അവസാനം അടുത്തിരിക്കുന്നു എന്നു അവൻ വിചാരിച്ചു (2 തിമൊ. 4:6–8). പാരമ്പര്യം പറയുന്നത് പുരാതന റോമൻ നഗരമായ ഓസ്റ്റ്യൻ യാത്രയിൽവെച്ച് തല ഛേദിക്കപ്പെട്ടു. റോമൻ പൗരനായതുകൊണ്ട് അവനെ ക്രൂശിൽ തറക്കുവാൻ സാദ്ധ്യതയില്ല, പത്രോസിനെ ക്രൂശിൽ തറച്ചു കൊന്നു എന്നാണ് പാരമ്പര്യം പറയുന്നത്, എന്നാൽ പൗലൊസിനെ വാൾകൊണ്ടായിരിക്കാം കൊന്നത്.

അവന്റെ പതിമൂന്നു ലേഖനങ്ങളുടെ സ്വാധീനം അധികമായി പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അവ ആരംഭ സഭയിൽ വായിക്ക മാത്രമല്ല, അവ തരംതിരിച്ച് തുടർന്നുള്ള തലമുറകൾ പഠിക്കുകയും ചെയ്തു. ആ ലേഖനങ്ങളിൽ വലിയ ക്രിസ്തീയ ചിന്തയും ഉപദേശവും അടങ്ങിയിരിക്കുന്നതു കാണാം. അവന്റെ മിഷ്ണറി യാത്രകളേക്കാൾ ഒരുപക്ഷെ സ്വാധീനം ചെലുത്തിയത് തടവു ലേഖനങ്ങൾ ആയിരിക്കാം.

### "... ഒരു അപ്പോസ്തലൻ" (1:1)

ഒരു അപ്പൊസ്തലൻ എന്നതടക്കമുള്ള പ്രയോഗത്തിന് മൂന്ന് ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു: തിരിച്ചറിയിക്കൽ, കാരണം പൗലൊസ് എന്നത് സാധാരണ പേരായിരുന്നു; അപ്പൊസ്തലൻ എന്ന അധികാരത്തെ പരിശോധിക്കൽ; കൊലൊസ്യർക്ക് അവനെ അറിയാമായിരുന്നതുകൊണ്ട് വ്യക്തിപരമായ പ്രതിപാദനം. അപ്പൊസ്തലൻ എന്നതിന്റെ അർത്ഥം സൂചിപ്പിക്കുന്നത് യേശുവിന്റെ അധികാരം വഹിക്കുന്നു എന്നാണ് (1 കൊ. 14:37), മറ്റ് വേദഭാഗങ്ങളിലും അതേ അധികാരം കാണാം (2 പത്രൊ. 3:15, 16). കൊലൊസ്യയിലെ ഓരോ വാക്കും ദൈവത്തിന്റെ വെളിപ്പാട് ആണ്. തന്നെ ആയച്ചവന്റെ അധികാരത്തോടും ശക്തിയോടും കൂടെ ആയിരുന്നു, പൗലൊസ് അവൻ തന്റെ സ്വന്ത അഭിപ്രായത്തെ പ്രകടിപ്പിക്കയായിരുന്നില്ല; മറിച്ച്, അവൻ ആധികാരികമായി, ദൈവശ്വാസീയമായി, യേശുവിന്റെ സന്ദേശം നേരിട്ട് വെളിപ്പാടായി സ്വീകരിച്ചിട്ടാണ് നൽകിയത് (1 കൊ. 14:37; ഗലാ. 1:11, 12). കൊലൊസ്യർ അവന്റെ ലേഖനത്തെ ക്രിസ്തുവിന്റെ സന്ദേശമായി സ്വീകരിക്കണമായിരുന്നു.

ഈ ലേഖനത്തിൽ അപ്പൊസ്തലൻ തന്നെ പൗലൊസ് എന്നാണ് വിളിച്ചത്, എന്നാൽ തന്റെ എല്ലാ ലേഖനങ്ങളിലും തന്നെ അപ്പൊസ്തലനെന്നു പറഞ്ഞിരുന്നില്ല.

... തന്റെ അപ്പൊസ്തലിക ദൗത്യം എവിടെ ആവശ്യമായി വന്നുവോ, അവിടെ അവനതു സൂചിപ്പിച്ചു. എന്നാൽ ഫിലിപ്പിയർക്കും തെസ്സലോനിക്യർക്കും ലേഖനമെഴുതുമ്പോൾ ഒരുപക്ഷെ അവരോടുള്ള സൗഹൃദവും വിശ്വസ്തതയും കാരണമാകാം. തന്റെ അപ്പൊസ്തലിക അധികാരത്തെ പറയാതിരുന്നത്. അതുപോലെ വ്യക്തിപരമായ ലേഖനം ഫിലെമോന് എഴുതിയപ്പോൾ ഒരു ആനുകൂല്യം അവനോടു ആവശ്യപ്പെടുമ്പോഴും അപ്പൊസ്തലിക പദവി പറഞ്ഞില്ല. അതിൽ നിന്നും വ്യത്യസ്തമായി ഗലാത്യ സഭകൾക്ക് എഴുതിയപ്പോൾ, അവന്റെ അധികാരത്തെ വെല്ലുവിളിച്ചതുകൊണ്ടാകാം അവൻ തന്റെ അപ്പൊസ്തലിക സ്ഥാനത്തെ എടുത്തു പറഞ്ഞത്.[5]

ഗലാത്യ ലേഖനത്തിൽ (ഗലാ. 1:1), തനിക്കു ലഭിച്ച അപ്പൊസ്തലികത്വം മനുഷ്യരിൽ നിന്നല്ല, ദൈവത്തിൽ നിന്നാണെന്ന് പൗലൊസ് ഉറപ്പിച്ചു പറഞ്ഞു. താൻ അപ്പൊസ്തലനാണെന്നതിനെ ചോദ്യം ചെയ്തതുകൊണ്ടാകാം പൗലൊസ് കൊരിന്ത്യർക്കുള്ള ലേഖനത്തിൽ, തന്റെ അപ്പൊസ്തലത്വത്തെ പ്രതിരോധിച്ചത് (1 കൊ. 9:1, 2; 15:9, 10; 2 കൊ. 11:5; 12:11, 12). അവൻ പന്തിരുവരിൽ ഉൾപ്പെട്ടിരുന്നില്ല എങ്കിലും, അവൻ മറ്റപ്പൊസ്തലന്മാരോടു തുല്യനും, തുല്യഅധികാരമുള്ളവനും ആയിരുന്നു.

"അപ്പൊസ്തലൻ" എന്നത് *അപ്പൊസ്തൊലൊസ്* എന്ന ഗ്രീക്ക് വാക്ക് ലിബി മാറ്റി ഉപയോഗിച്ചതാണ് (അക്ഷരികമായി, "അയക്കപ്പെട്ടവൻ"). പുതിയ നിയമത്തിൽ, ചുമതല കൊടുത്തയക്കുന്നവൻ എന്നാണ് അർത്ഥം-ഒരു സ്ഥാനാപതിയെ ഒരു പ്രവൃത്തിക്കുവേണ്ടി, മറ്റൊരു അധികാരത്തിനു വേണ്ടിയോ, അധികാരപ്പെടുത്തി അയക്കുന്നതിനെയോ ആണ് സൂചിപ്പിക്കുന്നത്. യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ തങ്ങളെയല്ല, ക്രിസ്തുവിനെയത്രേ പ്രതിനിധാനം ചെയ്തിരുന്നത്, കാരണം അവന്റെ കൽപനകളായിരുന്നു അവർ ഉപദേശിക്കേണ്ടിയിരുന്നത് (മത്താ. 28:20).

സാധാരണ "അപ്പൊസ്തലന്മാർ" എന്ന വാക്ക് യേശുവിന്റെ അനേക ശിഷ്യന്മാരിൽ പെട്ട ഒരു ചെറിയ കൂട്ടമായ പന്തിരുവരെയാണ് ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നത് (ലൂക്കൊ. 6:13). അവരെ അവൻ തന്റെ പ്രത്യേക പ്രതിനിധികളായിട്ടായിരുന്നു തിരഞ്ഞെടുത്തത്. തന്റെ അധികാരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അവർ അവന്റെ വേലയുടെ വ്യാപ്തിക്കായി മറ്റുള്ളവർക്കിടയിൽ പ്രയത്നിച്ചിരുന്നത് (മത്താ. 10:1-5; 28:18-20). അവരെ കൈക്കൊണ്ടവർ യേശുവിനെയാണ് കൈക്കൊണ്ടിരുണ്ടത് (മത്താ. 10:40).

യൂദാ യേശുവിനെ ഒറ്റിക്കൊടുക്കയും തന്നെത്താൻ ചാകുകയും ചെയ്ത ശേഷം, അവനു പകരം മത്ഥിയാസിനെ തിരഞ്ഞെടുക്കുകയും അവനെ പന്തിരുവരുടെ കൂട്ടത്തിൽ എണ്ണുകയും ചെയ്തിരുന്നു (പ്രവൃ. 1:16-26). ജാതികളുടെ അപ്പൊസ്തലൻ ആയ പൗലൊസ് (റോമ. 11:13) പന്തിരുവരിൽ ഉൾപ്പെട്ടവനായിരുന്നില്ല. അവൻ "അകാല ... പ്രജ പോലെ" പിന്നീട് തിരഞ്ഞെടുക്കപ്പെട്ടവനാണ് (1 കൊ. 15:8).

പന്തിരുവരിൽ ഉൾപ്പെട്ടിരുന്നില്ലെങ്കിലും, അവനും അവരെ പോലെ യേശുവിന്റെ പ്രതിനിധി എന്ന അധികാരത്തിൽ തന്നെയായിരുന്നു. പുതിയനിയമ പ്രവാചകന്മാരും അപ്പൊസ്തലന്മാരും സഭയുടെ അടിസ്ഥാന നിർമ്മാണ പ്രക്രിയയിൽ ഉൾപ്പെട്ടിരുന്നു (എഫെ. 2:20). പരിശുദ്ധാത്മാവിന്റെ സഹായത്താൽ

അവർക്ക് നേരിട്ട് യേശുവിന്റെ വെളിപ്പാട് ലഭിച്ചതിനാൽ (യോഹ. 14:26; 16:13; എഫെ. 3:5), യേശുവിന്റെ ഉപദേശത്തിലെ അവസാനവാക്കായി അവരെ ആളുകൾ പരിഗണിക്കണമായിരുന്നു (2 പത്രൊ. 3:2). പ്രാരംഭ സഭ തുടർച്ചയായി അപ്പൊസ്തലന്മാരുടെ "ഉപദേശത്തിൽ" നിലനിന്നു (പ്രവൃ. 2:42) കാരണം അത് അവരുടെ അധികാരത്തെ ബഹുമാനിച്ചിരുന്നു.

യേശുവിന്റെ പന്തിരുവരുടെ ഔദ്യോഗിക പദവികളിൽ അല്ലാതിരുന്നവരെയും "അപ്പൊസ്തലൻ" എന്ന വാക്കിൽ അറിയപ്പെട്ടിരുന്നു. അയക്കപ്പെട്ട ഏതെങ്കിലും ഒരു സന്ദേശവാഹകൻ-അന്ത്യോക്യയിൽനിന്നും അയക്കപ്പെട്ട ബർന്നബാസിനെ ഉദാഹരണമായി (പ്രവൃ. 13:2–4)-ഒരു അപ്പൊസ്തലൻ എന്നു വിളിക്കാം (പ്രവൃ. 14:4, 14; 2 കൊ. 8:23; ഫിലി. 2:25 നോക്കുക). ബർന്നബാസ് അന്ത്യോക്യാ സഭയിലെ അപ്പൊസ്തലനായിരുന്നു, അതേ സമയം, പ്രത്യേകമായി പന്തിരുവരിൽ ഉൾപ്പെട്ടവനായിരുന്നില്ല. അതുകൊണ്ടാകാം, യെരുശലേമിൽ അവനെ പന്തിരുവരിൽനിന്നു വേർതിരിച്ച് പറയുന്നത് (പ്രവൃ. 9:27).

ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാനായി ദമസ്ക്കൊസിലേക്ക് പൗലൊസ് യാത്ര ചെയ്തപ്പോൾ, യേശു അവന്നു പ്രത്യക്ഷനായി. അവൻ ഇങ്ങനെ പറഞ്ഞു: "നീ എന്നെ കണ്ടതിനും, ഇനി ഞാൻ നിനക്ക് പ്രത്യക്ഷനാകുവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും സാക്ഷിയും ആയി നിയമിപ്പാൻ ഞാൻ നിനക്ക് പ്രത്യക്ഷനായി" (പ്രവൃ. 26:16). യേശുവിന്റെ അപ്പൊസ്തലനാകുവാനുള്ള യോഗ്യതക്കായിരുന്നു യേശു അവനു പ്രത്യക്ഷനായത് (1 കൊ. 9:1, 2; 15:8); അതായത്, ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുന്നത് (പ്രവൃ. 1:21, 22; 2:32; 10:40, 41). പൗലൊസിനെ ദൈവമാണ് മനുഷ്യരല്ല തിരഞ്ഞെടുത്തത് എന്നതിന്, യേശു അവനെ വ്യക്തിപരമായി തിരഞ്ഞെടുത്തത് അടക്കം മറ്റു യോഗ്യതകളും അവനിൽ നിറവേറിയിരുന്നു (2 കൊ. 1:1; ഗലാ. 1:1; എഫെ. 1:1; 2 തിമൊ. 1:1).

അവൻ ചെയ്ത അത്ഭുതങ്ങളാലും, അടയാളങ്ങളാലും, വിവിധ വീര്യപ്രവൃത്തികളാലും പൗലൊസിന്റെ അപ്പൊസ്തലത്വത്തെ ഉറപ്പിച്ചിരുന്നു (2 കൊ. 12:12; റോമ. 15:18, 19 നോക്കുക). കൊരിന്ത്യസഭയിൽ അത്ഭുതവരങ്ങൾ ലഭിച്ചത് അവൻ അപ്പൊസ്തലനായിരുന്നു എന്നു തെളിയിക്കുന്ന സംഭവമായിരുന്നു (1 കൊ. 12:8–11). അപ്പൊസ്തലന്റെ കൈവെപ്പിനാൽ ലഭിച്ചതായിരുന്നു കൊരിന്ത്യ സഭക്കുള്ളിൽ, അവർക്ക് ലഭിച്ചതായ ആത്മിയ വരങ്ങൾ (പ്രവൃ. 8:17, 18; 19:6).

യേശു ദമസ്ക്കൊസിലേക്കുള്ള വഴിയിൽ പൗലൊസിന് പ്രത്യക്ഷനായപ്പോൾ, അവൻ ചെയ്യേണ്ടതെന്തെന്ന് അറിയുവാൻ അവനോട് നഗരത്തിലേക്ക് പോകുവാനാണ് പറഞ്ഞത് (പ്രവൃ. 9:6). യേശു അനന്യാസിനെ പൗലൊസിന്റെ അടുക്കലേക്ക് അയച്ചു അവനോട് പറഞ്ഞു, "ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളക" (പ്രവൃ. 22:16). അവൻ സ്നാനം ഏൽക്കുന്നതുവരെ പൗലൊസിന്റെ പാപങ്ങൾ കഴുകപ്പെട്ടിരുന്നില്ല. അതിനുശേഷം, മറ്റു അപ്പൊസ്തലന്മാരേക്കാളധികം അവൻ കർത്താവിനു വേണ്ടി അദ്ധ്വാനിച്ചു (1 കൊ. 15:10).

### "യേശുക്രിസ്തുവിന്റെ" (1:1)

താൻ **യേശുക്രിസ്തുവിന്റെ** അപ്പൊസ്തലൻ എന്നാണ് പൗലൊസ് എഴുതിയത്. *ജെസൗസ്* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് "യേശു" എന്ന വാക്ക്

എടുത്തിരിക്കുന്നത്. അത് എബ്രായ വാക്ക് യോശുവ എന്നതിനു തുല്യമാണ്. *യേ* എന്നും *ഓശുവ* എന്നുമുള്ള രണ്ട് വാക്ക് യോജിപ്പിച്ചതാണ് പഴയനിയമത്തിലെ "യോശുവ" എന്ന വാക്ക് (പുറ. 17:9), അർത്ഥം, "ദൈവം രക്ഷയാകുന്നു," "ദൈവം രക്ഷിക്കുന്നു." "യാഹ്‌വേ" എന്നതിന്റെ ചുരുക്കപ്പേരുകളാണ് *യേ* അല്ലെങ്കിൽ *യാഹ്* എന്ന എബ്രായ വാക്കുകൾ. അത് യിസ്രായേലിന് അറിയാമായിരുന്ന ദൈവത്തിന്റെ നാമമായിരുന്നു. എബ്രായ വാക്ക് *യാശ്ഹ* യൂടെ അർത്ഥം "രക്ഷിക്കുന്നു" എന്നാണ്. യേശുവിനെ കുറിച്ച് ദൂതൻ യോസേഫിനോട് പറഞ്ഞു, "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിപ്പാനിരിക്കകൊണ്ട് നീ അവന്ന് യേശു എന്നു പേർ ഇടേണം" (മത്താ. 1:21). അവനെ അങ്ങനെ "യേശു," അല്ലെങ്കിൽ "ദൈവം രക്ഷിക്കുന്നു" എന്ന് വിളിച്ചു. പ്രവൃ. 4:12-ൽ, പത്രൊസ് പറഞ്ഞു, "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല."

"ക്രിസ്തു" (*ക്രിസ്റ്റോസ്*) എന്ന പദവിയുടെ അർത്ഥം "അഭിഷിക്തൻ" എന്നാണ്. അത് എബ്രായ വാക്കായ *മശിഹാ* എന്നതിനു തുല്യമാണ് ("*മെസയ്യാ*"). "ക്രിസ്തു" എന്നതും "മശിഹാ" എന്നതും പേരുകളല്ല, മറിച്ച് പദവികളാണ്. പഴയനിയമത്തിൽ പുരോഹിതന്മാരെയും (പുറ. 28:41), രാജാക്കന്മാരെയും (1 ശമു. 15:1), പ്രവാചകന്മാരെയും (1 രാജാ. 19:16) അഭിഷേകം ചെയ്തിരുന്നു. യേശുവിന് ആ മൂന്നു ഉദ്യോഗവുമുണ്ടായിരുന്നു (മത്താ. 13:57; യോഹ. 18:37; എബ്രാ. 3:1). ആ ജോലികൾക്കായി യേശു ദൈവത്താൽ അഭിഷിക്തനായിരുന്നു (ലൂക്കൊ. 4:18).

യേശുവിന്റെ വാഴ്ച്ചയും പൗരൊഹിത്യവും ഭൗമികമല്ല, സ്വർഗീയമാണ്: "അവൻ ഭൂമിയിലായിരുന്നുവെങ്കിൽ, അവനു പുരോഹിതൻ ആകുവാൻ കഴിയുമായിരുന്നില്ല ..." (എബ്രാ. 8:4). ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന യേശു ഇപ്പോൾ സ്വർഗത്തിൽ പുരോഹിതനായിരിക്കുന്നു (എബ്രാ. 8:1), അവിടെ അവൻ എല്ലാറ്റിനേയും വാഴുന്നു (എഫെ. 1:20-22; 1 പത്രൊ. 3:22). പ്രവാചകനായിരുന്ന സെഖര്യാവ് എഴുതി, "... അവൻ ബഹുമാനഭൂഷണം ധരിച്ച് സിംഹാസനത്തിൽ ഇരുന്നു വാഴും; അവൻ സിംഹാസനത്തിൽ പുരോഹിതനുമായിരിക്കും" (സെഖ. 6:13). താൻ സ്വർഗാരോഹണം ചെയ്ത് പിതാവിന്റെ വലത്തുഭാഗത്തു ചെന്നതു മുതൽ അവൻ മടങ്ങി വരുന്നതുവരെ സിംഹാസനത്തിലിരുന്നു പുരോഹിതനായി വാണുകൊണ്ടിരിക്കും. അവസാനം അവൻ തന്റെ വാഴ്ച്ച അവസാനിപ്പിക്കും (1 കൊ. 15:22-28). അവൻ ഭൂമിയിൽ പുരോഹിതനായി വാഴുകയില്ല.

"യേശുക്രിസ്തു" എന്ന പേരും പദവിയും പൗലൊസിന്റെ എഴുത്തുകളിൽ എഴുപത്തി-ഒമ്പതു പ്രാവശ്യം കാണാം. മുമ്പ് അവൻ രക്ഷകൻ എന്നതിനായിരുന്നു ഊന്നൽ കൊടുത്തത്, ക്രിസ്തു. തിരിച്ചുള്ള ക്രമം "ക്രിസ്തു യേശു" എന്നത് തൊണ്ണൂറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അവസാനം ഊന്നൽ കൊടുത്തിരിക്കുന്നത്, ക്രിസ്തു രക്ഷകനായിട്ടാണ്. ഒരുപക്ഷെ ക്രമത്തിൽ വന്നിരിക്കുന്ന വ്യത്യാസത്തിന് വലിയ ഊന്നൽ കൊടുക്കരുതായിരിക്കാം.

### "ദൈവേഷ്ടത്താൽ" (1:1)

**ദൈവേഷ്ടത്താൽ** എന്ന് പൗലൊസ് എഴുതിയപ്പോൾ, തന്നെ അപ്പൊസ്തലനാകുവാൻ ദൈവമാണ് തെരഞ്ഞെടുത്തത് എന്ന് ഉറപ്പിക്കുകയായിരുന്നു.

അവന്റെ അപ്പൊസ്തലത്വം സ്വയമായി-നിയമിതമായതോ, മനുഷ്യരാൽ നിയമിക്കപ്പെട്ടതോ ആയിരുന്നില്ല അത് പ്രാധാന്യമുള്ളതാണ് കാരണം, വ്യാജവും സ്വയമായി-നിയമിക്കപ്പെട്ടതോ ആയ വഞ്ചിതരായ അപ്പൊസ്തലന്മാർ സജീവമായിരുന്നു (2 കൊ. 11:13). പൗലൊസ് വാസ്തവത്തിലുള്ള അപ്പൊസ്തലനായിരുന്നു, യേശുവിന്റെ വെളിപ്പാടിനാൽ അവനു ലഭിച്ചതായിരുന്നു ആ ഉത്തരവാദിത്വം. അവൻ അപ്പൊസ്തലനായത് വ്യക്തിപരമായ യോഗ്യതകൊണ്ടോ, അല്ലെങ്കിൽ മാനുഷിക തിരഞ്ഞെടുപ്പുകൊണ്ടോ സംഭവിച്ചതല്ല, മറിച്ച് ദൈവകൃപയാൽ ആയിരുന്നു (1 കൊ. 15:10).

"ദൈവത്തിന്റെ ഇഷ്ടം [*തെലേമ*]" ചരിത്രത്തിലുടനീളം മുഖ്യ സംഭവങ്ങളുടെ കേന്ദ്രമായിരുന്നു. ദൈവേഷ്ടത്താൽ ചില കാര്യങ്ങൾ സംഭവിക്കുമ്പോൾ, ദൈവമാണ് അതിനു കാരണക്കാരൻ എന്നു അർത്ഥമാകുന്നില്ല. ആളുകൾ ശരിയായതു ചെയ്ത് ദൈവത്തെ അനുസരിക്കുമ്പോൾ, അവർ ദൈവേഷ്ടമാണ് ചെയ്യുന്നത് (1 യോഹ. 3:22). അവന്റെ ഇഷ്ടം ചെയ്യുവാൻ അവൻ നമ്മെ നിർബന്ധിക്കുകയില്ല; പക്ഷെ നാം അവന്റെ ഇഷ്ടത്തിനായി അവന്റെ സേവനത്തിന് നമ്മെ സമർപ്പിക്കുമ്പോൾ, അവൻ നമ്മിൽ പ്രവൃത്തിക്കും (റോമ. 15:32; 2 കൊ. 8:5; ഫിലി. 2:13).

ചില വലിയ ആളുകളെ അവർ ജനിക്കുന്നതിനു മുമ്പ് തന്നെ ദൈവം തിരഞ്ഞെടുത്തിരുന്നു (ന്യായാ. 13:5; യെശ. 49:1; യിരെ. 1:5; ലൂക്കൊ. 1:13–17). പൗലൊസ് ജനിക്കുന്നതിനു മുമ്പ് തന്നെ അപ്പൊസ്തലനാകുവാൻ ദൈവം അവനെ തിരഞ്ഞെടുത്തിരുന്നു. പൗലൊസ് എഴുതി, "എന്റെ ജനനം മുതൽ എന്നെ വേർതിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം" (ഗലാ. 1:15).

തന്നെ പ്രത്യേക സാക്ഷിയാകുവാൻ യേശു തിരഞ്ഞെടുത്തു എന്ന പൗലൊസിന്റെ പ്രസ്താവനയും, ദൈവേഷ്ടത്താൽ അപ്പൊസ്തലനായി തീർന്നു എന്നു പറയുന്നതും തമ്മിൽ വൈരുദ്ധ്യമൊന്നുമില്ല (പ്രവൃ. 26:16). യേശു ദൈവേഷ്ടപ്രകാരമായിരുന്നു പൗലൊസിനെ തിരഞ്ഞെടുത്തത്, കാരണം അവൻ വന്നത് പിതാവിന്റെ ഇഷ്ടം ചെയ്യുവാനായിരുന്നു (യോഹ. 5:30).

**"നമ്മുടെ സഹോദരനായ തിമൊഥെയൊസും" (1:1)**

പുതിയനിയമത്തിൽ പ്രധാനപ്പെട്ട ഒരു വ്യക്തിയായ **തിമൊഥെയൊസിനെ** ഇരുപത്തി-നാല് പ്രാവശ്യം എടുത്തു പറഞ്ഞിരിക്കുന്നു. കൊലൊസ്യയിലുള്ള ചിലരെ തിമൊഥെയൊസിന് അറിയാമെന്നാണ് വാക്യം 1 ൽ തിമൊഥെയൊസ് വന്ദനം അറിയിക്കുന്നു എന്നു പറയുന്നത് സൂചിപ്പിക്കുന്നത്. 2 കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിലും, ഫിലിപ്പിയ, കൊലൊസ്യ, 1 തെസലൊനിക്യ, 2 തെസലൊനിക്യ ഫിലെമോൻ എന്നീ ലേഖനങ്ങളിലും ആമുഖ വന്ദനങ്ങളിൽ അവന്റെ പേരും പറഞ്ഞിരിക്കുന്നു. അവന്റെ പേർ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ, ഈ ലേഖനം എഴുതിയപ്പോൾ, അവനും പൗലൊസിനോടുകൂടെ ഉണ്ടായിരുന്നു എന്നു സ്പഷ്ടം. മറ്റു തടവു ലേഖനങ്ങൾ എഴുതിയ സമയത്തു തന്നെ എഴുതിയ എഫെസ്യലേഖനത്തിൽ, അവന്റെ പേർ പൗലൊസ് പറഞ്ഞിട്ടില്ല.

"തിമൊഥെയൊസ്" (*തിമൊഥെയൊസ്*) അർത്ഥം "ദൈവത്തെ ആദരിക്കൽ" അല്ലെങ്കിൽ "ദൈവത്തെ ആദരിക്കുന്നവൻ" എന്നാണ്. തിമൊഥെയൊസിന്റെ അപ്പൻ യവനനും, അമ്മ യുനീക്ക യെഹൂദ വിശ്വാസിയുമായിരുന്നു (പ്രവൃ. 16:1). അവൻ ബാലനായിരുന്നപ്പോൾ അവന്റെ മതപരമായ ജീവിതത്തെ

സ്വാധീനിച്ചവരായിരുന്നു അവന്റെ അമ്മയും വെല്യമ്മ ലൂയിസും (2 തിമൊ. 1:5; 3:15). അവനെ ക്രിസ്തുവിന്റെ വചനം പഠിപ്പിച്ചതു പൗലൊസായിരുന്നു, അവൻ ഉപദേശത്തിലും, ജീവിതത്തിലും, ഉപദ്രവം സഹിക്കുന്നതിലും പ ൗലൊസ് അവന് മാതൃകയായിരുന്നു (2 തിമൊ. 2:2; 3:10, 11, 14). പൗലൊസ് അവനെ "എന്റെ മകൻ" (1 തിമൊ. 1:18; 2 തിമൊ. 1:2; 2:1), എന്നു പറഞ്ഞതിനാ ൽ, പൗലൊസ് ആയിരിക്കാം അവനെ സ്നാനപ്പെടുത്തിയത്. തിമൊഥെയൊ സ് ലുസ്ത്രക്കാരനായിരുന്നതുകൊണ്ട്, പൗലൊസിനെ അവന്റെ ആദ്യത്തെ മിഷ്ണറി യാത്രയിൽ കല്ലെറിയുന്നത് അവൻ കണ്ടിരിക്കാം (പ്രവൃ. 14:19; 2 തിമൊ. 3:11).

ലേഖനത്തിൽ പൗലൊസ് തിമൊഥെയൊസിന്റെ പേരും ഉൾപ്പെടുത്തി യതിനാൽ എഴുത്തിൽ അവൻ പൗലൊസിനെ സഹായിച്ചു എന്ന് അർത്ഥം വരുന്നില്ല. തിമൊഥെയാസ് ആണ് പൗലൊസിൽനിന്നു പഠിച്ചത്, അല്ലാതെ പ ൗലൊസ് തിമൊഥെയൊസിൽനിന്നായിരുന്നില്ല (2 തിമൊ. 2:2). പൗലൊസ് തന്റെ ദൗത്യത്തിൽ പ്രത്യേകതയുള്ളവനും അപ്പൊസ്തലനുമായിരുന്നു, എന്നാൽ തിമൊഥെയൊസ് സാധാരണ ശിഷ്യനായിരുന്നു. പൗലൊസിനുണ്ടാ യിരുന്ന അതേ അധികാരം തിമൊഥെയൊസിനുണ്ടായിരുന്നില്ല.

ഫിലിപ്പിയ ലേഖനത്തിലും ഫിലെമോന്റെ ലേഖനത്തിലും, പൗലൊസ് എഴുതിയ സന്ദേശത്തിൽ തിമൊഥെയൊസ് ഉൾപ്പെടുന്നതായി അവന്റെ പേർ പൗലൊസ് വാക്യം ഒന്നിനുശേഷം പറയുന്നില്ല. എങ്ങനെയായാലും, കൊലൊ സ്യലേഖനത്തിന്റെ ആമുഖത്തിൽ, പൗലൊസ് "ഞങ്ങൾ" എന്ന് വാക്യം 9 ൽ തിമൊഥെയൊസിനെയും ഉൾപ്പെടുത്തി പറയുന്നു. വാക്യം 13 ൽ പൗലൊസി നേയും, തിമൊഥെയൊസിനേയും, കൊലൊസ്യരേയും ഉൾപ്പെടുത്തിയാണ് "ഞങ്ങൾക്ക്" എന്നു പറയുന്നത്. വാക്യം 23-ൽ പൗലൊസ് "ഞാൻ" എന്ന ഏകവചന സർവ്വനാമത്തിലേക്ക് തിരിയുകയാണ്. ലേഖനത്തിൽ പിന്നീട് "ഞങ്ങൾ" എന്നും "ഞങ്ങൾക്ക്" എന്നും പറയുമ്പോൾ വീണ്ടും പൗലൊസ് തിമൊഥെയൊസിനേയും ഉൾപ്പെടുത്തിയായിരിക്കാം പറഞ്ഞത് (കൊലൊ. 1:28; 4:3); എങ്ങനെയായാലും, ഒരുപക്ഷെ ആ വാക്കുകൾ പ്രസാധകാർത്ഥ ത്തിൽ തന്നോട് തന്നെ പറയുന്ന രീതിയിൽ ഉപയോഗിച്ചതാകാം.

"നിങ്ങളെ സംബന്ധിച്ച് പരമാർത്ഥമായി കരുതുവാൻ തുല്യ ചിത്തനായി മറ്റാരുമില്ല" എന്നു പറയുമ്പോൾ പൗലൊസിന് തിമൊഥെയൊസിനോടുള്ള ബഹുമതി സൂചിപ്പിക്കുകയാണ് (ഫിലി. 2:20). അതിനെ രണ്ടു വിധത്തിൽ എടുക്കാം. ഒന്ന്, പൗലൊസിനോടുകൂടെ ഉണ്ടായിരുന്ന മറ്റാർക്കും ഇതുപോ ലെ മറ്റു ക്രിസ്ത്യാനികളോട് ആത്മാർത്ഥമായ കരുതൽ ഇല്ലായിരുന്നേക്കാം, അല്ലെങ്കിൽ, രണ്ടാമത്, ഫിലിപ്പിയരെ കുറിച്ച് തിമൊഥെയൊസ് കരുതിയതുപോ ലെ മറ്റാരും ചിന്തിച്ചിരിക്കയില്ല.

ഒന്നാമത്തെ മിഷ്ണറി യാത്രയിൽ സ്ഥാപിച്ച ഇടവകകൾ സന്ദർശിക്കു വാൻ രണ്ടാമത്തെ മിഷ്ണറി യാത്രക്ക് ഒരുങ്ങിയപ്പോൾ, ബർന്നബാസിന്റെ മച്ചുനനായ, മർക്കൊസിനെ കൊണ്ടുപോകുന്ന കാര്യത്തിൽ അന്ത്യോക്യയിൽ വെച്ച്, പൗലൊസും ബർന്നബാസും തമ്മിൽ ഉഗ്രമായ വാദം നടന്നു. തൽഫല മായി ബർന്നബാസ് മർക്കൊസിനേയുംകൂട്ടി കുപ്രൊസിലേക്കും, പൗലൊസ് ശിലാസിനെ കൂട്ടി സുറിയയിലെ കിലിക്യയിലേക്കും പോയി (പ്രവൃ. 15:36-41). പൗലൊസ് ലുസ്ത്രയിലെത്തിയപ്പോൾ, പൗലൊസ് തന്നോടുകൂടെ തിമൊ ഥെയൊസിനെ കൊണ്ടുപോകുവാൻ ആഗ്രഹിച്ചു. യെഹൂദന്മാരുടെ പ്രീതി

സമ്പാദിക്കുവാനും (1 കൊ. 9:21) അവരോട് സുവിശേഷം പ്രസംഗിക്കുവാനും, പൗലൊസ് തിമൊഥെയൊസിനെ പരിഛേദന കഴിപ്പിച്ചു (പ്രവൃ. 16:1-3).

പരിഛേദന രക്ഷക്ക് ആവശ്യമില്ല; അത് ക്രിസ്ത്യാനികൾക്ക് വേണമെങ്കിൽ തിരഞ്ഞെടുക്കാവുന്നതാണ് (1 കൊ. 7:18, 19; ഗലാ. 5:6; 6:15). ജാതികളിൽനിന്നു ക്രിസ്ത്യാനികളായവർ ന്യായപ്രമാണം അനുസരിച്ച് പരിഛേദന ഏൽക്കേണ്ട ആവശ്യമില്ല എന്ന് പരിശുദ്ധാത്മ നിയോഗത്താൽ യെരുശലേമിലെ അപ്പൊസ്തലന്മാരും മൂപ്പന്മാരും കൽപന കൊടുത്തു. പൗലൊസ് അന്ത്യോക്യയിലായിരുന്നപ്പോൾ ആ വിഷയത്തെ കുറിച്ച് ഒരു വിവാദം ഉയർന്നിരുന്നു, ആ വാദം അവർ യെരുശലേമിൽ എത്തിയപ്പോഴും തുടർന്നിരുന്നു (പ്രവൃ. 15:1, 5, 24-29). പൗലൊസ് തിമൊഥെയൊസിനെ പരിഛേദന കഴിപ്പിച്ചുവെങ്കിലും, അവൻ തിത്തൊസിനെ പരിഛേദന കഴിപ്പിക്കുവാൻ തയ്യാറായിരുന്നില്ല (ഗലാ. 2:3-5). തിത്തൊസിനെ പരിഛേദന കഴിപ്പിക്കാതെ വിട്ടുകളഞ്ഞത് മറ്റു ക്രിസ്ത്യാനികൾക്കിടയിൽ തെറ്റിദ്ധാരണ ഉണ്ടാകുകയും, പരിഛേദന ആവശ്യമാണെന്ന് വാദിക്കുകയും ചെയ്തു. സാഹചര്യങ്ങൾ രണ്ടും ഒന്നായിരുന്നില്ല. അഗ്രചർമ്മികളുമായി കൂട്ടുകൂടി നടക്കുന്നു എന്ന പരാതി ഒഴിവാക്കുവാനായിരുന്നു പൗലൊസ് തിമൊഥെയൊസിനെ പരിഛേദന കഴിപ്പിച്ചത്. അങ്ങനെ അവന് ഫലപ്രദമായി യെഹൂദന്മാരോട് സുവിശേഷം പ്രസംഗിക്കുവാനും കഴിഞ്ഞു.

പൗലൊസിന്റെ രണ്ടാം മിഷ്ണറി യാത്രയിലും, അവന്റെ ശേഷമുള്ള ജീവിതകാലയളവിലും തിമൊഥെയൊസ് അടിക്കടി അവനോടുകൂടെ യാത്ര ചെയ്തിരുന്നു. അവൻ ആസ്യാ ഭൂഖണ്ഡത്തിലുള്ളവനായിരുന്നു എങ്കിലും, പൗലൊസിന്റെ യൂറോപ്യൻ ശുശ്രൂഷകളിൽ അവനെ അനുഗമിച്ചിരുന്നു. പൗലൊസിനെ മക്കെദോന്യയിലേക്ക് വിളിച്ചതുമുതൽ ആ ശുശ്രൂഷ തുടങ്ങിയിരുന്നു (പ്രവൃ. 16:9, 10). അവസാനമായി തിമൊഥെയൊസിനെ കുറിച്ച് പറഞ്ഞത് ഒന്നുകിൽ 2 തിമൊഥെയൊസ് 1:2 ലോ അല്ലെങ്കിൽ, എബ്രായർ 13:23 ലോ ആയിരിക്കണം, അവിടെ പറയുന്നത്, “നമ്മുടെ സഹോദരനായ തിമൊഥെയൊസ് തടവിൽനിന്ന് ഇറങ്ങി എന്നു അറിവിൻ; അവൻ വേഗത്തിൽ വന്നാൽ, ഞാൻ അവനുമായി നിങ്ങളെ വന്നു കാണും.” ആ സമയത്ത് പൗലൊസ് തിമൊഥെയൊസിനൊപ്പം ആണ് വന്നതെങ്കിൽ, അതായിരിക്കാം എബ്രായലേഖനം പൗലൊസ് എഴുതി എന്നു പറയുന്നത്. അതിനു ശേഷം നമുക്ക് തിമൊഥെയൊസിനെ കുറിച്ച് ഒന്നും അറിയുകയില്ല. പ്രാരംഭ ക്രിസ്തീയ സാഹിത്യത്തിൽ അവന്റെ പേർ പറയുന്നില്ല.[6]

2 കൊരിന്ത്യർ 1:1 ലും; ഫിലെമോൻ 1 ലും; എബ്രായർ 13:23 ലും പൗലൊസ് തിമൊഥെയൊസിനെ **നമ്മുടെ** [*ഹോ*, അക്ഷരികമായി “ദ”] **സഹോദരൻ** എന്നാണ് പറഞ്ഞിരിക്കുന്നത്. ദ എന്ന ആർട്ടിക്കിളില്ലാതെ അവൻ മറ്റു വേദഭാഗങ്ങളിൽ അങ്ങനെ പറഞ്ഞിട്ടുണ്ട് (1 തെസ്സ. 1:1; 2 തെസ്സ. 1:1). 1 തിമൊഥെയൊസ് 1:2 ലും, 2 തിമൊഥെയൊസ് 1:2 ലും പൗലൊസ് അവനെ “മകൻ” എന്നും “പുത്രൻ” എന്നുമാണ് വിളിച്ചത്, അവ രണ്ടും വന്നിരിക്കുന്ന ഗ്രീക്ക് വാക്ക് *ടെക്നോൺ* (“പൈതൽ”) എന്നാണ്. “എന്റെ നിജ പുത്രൻ,” “എന്റെ പ്രിയ പുത്രൻ” എന്നീ വാക്കുകൾ പൗലൊസിന് തിമൊഥെയൊസിനോടുള്ള അടുപ്പത്തെ ആണ് സൂചിപ്പിക്കുന്നത്. എരസ്തൊസിനെ (റോമ. 16:23) പറഞ്ഞപ്പോഴും, സൊസ്തെനൊസിനെ കുറിച്ചു പറഞ്ഞപ്പോഴും (1 കൊ. 1:1), അപ്പൊല്ലോസിനെ കുറിച്ച് പറഞ്ഞപ്പോഴും (1 കൊ. 16:12) ഡെഫനിറ്റ് ആർട്ടി

ക്കിൾ ഉപയോഗിച്ചിരുന്നു.

തിമൊഥെയൊസിനെ പൗലൊസ് "സഹ അപ്പൊസ്തലനായി" പറഞ്ഞിരുന്നില്ല, കാരണം അവന് പൗലൊസിന്റെ അപ്പൊസ്തൊലിക അധികാരം ഇല്ലായിരുന്നു. "സഹോദരൻ" "സഹോദരന്മാർ" എന്നു പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നത് (*അഡെൽഫോസ്* എന്ന വാക്കിൽനിന്നാണ്), അത് ഭൗതിക സഹോദരന്മാരെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നത് (മത്താ. 4:18; 12:47; പ്രവൃ. 1:14; 12:2; ഗലാ. 1:19) ഒരേ വർഗത്തിൽ പെട്ടവർ അല്ലെങ്കിൽ ഒരു ദേശത്തിൽ പെട്ടവർ (പ്രവൃ. 2:29; 3:17, 22; 7:2; 9:17), ആത്മിയ സഹോദരന്മാരെയും-ക്രിസ്തുവിലുള്ള സഹോദരന്മാരെയും അങ്ങനെ പറയുന്നു (പ്രവൃ. 9:30; 10:23; 21:20; റോമർ 14:10).

"സഹോദരൻ" എന്നത് ഒരു പദവി അല്ല; അത് ബന്ധത്തെ കാണിക്കുന്ന പ്രകടനമാണ്. എല്ലാ ക്രിസ്ത്യാനികളെയും ക്രിസ്തുവിൽ സഹോദരീസഹോദരന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത് (ഗലാ. 3:26–28); അതിനർത്ഥം അവർക്ക് ഒരേ ഉത്തരവാദിത്തവും, വരവും, അധികാരവും ഉണ്ടായിരുന്നു എന്നു കരുതരുത് (റോമ. 12:6–8). ക്രിസ്തുവിന്റെ അനുയായികളെ സഹോദരന്മാരും അദ്ധ്യക്ഷന്മാരും എന്നു വിളിച്ചിരുന്നതിനാൽ, അവർ മറ്റു ശിഷ്യന്മാരിൽനിന്നു വേറിട്ടിരുന്നു എന്നു സ്പഷ്ടം (മത്താ. 23:8–10 നോക്കുക).

അവന്റെ പാപങ്ങൾ കഴുകി കളയുന്നതിന് മുൻപ് അനന്യാസ് പൗലൊസിനെ "സഹോദരൻ പൗലൊസ്" എന്നാണ് വിളിച്ചത് (പ്രവൃ. 22:16). ഇതിൽനിന്നു ചിലർ കരുതുന്നത് (പൗലൊസ് യേശുവിനെ "കർത്താവേ" എന്നു വിളിച്ചതിനാൽ; പ്രവൃ. 9:5; 22:8; 26:15) ദമസ്ക്കോസിനടുത്ത് വെച്ച് പൗലൊസ് യേശുവിനെ കണ്ടപ്പോൾ, അവനു പുതിയ ജനനം സംഭവിച്ചു എന്നാണ്. ഇനി പറയുന്ന പ്രസ്താവന ഒരു സ്റ്റഡി ബൈബിളിലെ പ്രവൃ. 9:5 ന്റെ കുറിപ്പിലുള്ളതാണ്: "ദമസ്ക്കൊസ് പട്ടണത്തിനു പുറത്തുവെച്ചാണ് വാക്യങ്ങൾ 3–9 വരെയുള്ള പൗലൊസിന്റെ പരിവർത്തനം സംഭവിക്കുന്നത് ... അനന്യാസ് പൗലൊസിനെ 'സഹോദരൻ പൗലൊസ്'എന്നാണ് വിളിച്ചത്(വാ. 17). പൗലൊസ് പുതിയ ജനനം അനുഭവിച്ച ഒരു വിശ്വാസിയായി തീർന്നു എന്നു അനന്യാസ് വിചാരിച്ചിരിക്കും (യോഹ. 3:3–5)"[7]

പല സന്ദർഭങ്ങളിലും, പത്രൊസും പൗലൊസും ക്രിസ്ത്യാനികളായിട്ടില്ലാത്ത യെഹൂദന്മാരെ "സഹോദരന്മാർ" "സഹോദരങ്ങൾ" എന്നു വിളിച്ചിരുന്നു (പ്രവൃ. 2:29; 3:17; 7:2; 13:15, 26, 38; 22:1; 23:1, 5, 6; 28:17). അനന്യാസ് പൗലൊസിനെ ഒരു സഹോദരനായ *യെഹൂദൻ* എന്നാണ് വിളിച്ചത് അല്ലാതെ സഹോദരനായ *ക്രിസ്ത്യാനി* എന്നല്ല. കാരണം പൗലൊസ് അപ്പോൾ, ദൈവപൈതലാകുവാൻ സ്നാനം ഏറ്റിരുന്നില്ല, പരിശുദ്ധാത്മാവും ലഭിച്ചിരുന്നില്ല (പ്രവൃ. 9:17). യേശുവിനോട് പ്രതികരിച്ച് അവനെ "കർത്താവേ," എന്നു വിളിച്ചാൽ മാത്രം പോരാ (മത്താ. 7:21; ലൂക്കൊ. 6:46). കർത്താവിനെ വിളിച്ചപേക്ഷിച്ച് പാപങ്ങൾ കഴുകപ്പെടുന്നതെങ്ങനെ എന്ന് അനന്യാസ് അവനോട് പറഞ്ഞു.

ലോകത്തിലുള്ള എല്ലാ ക്രിസ്ത്യാനികളുടേയും, കൊലൊസ്യയിലുള്ള ക്രിസ്ത്യാനികളുടേയും പൗലൊസിന്റേയും "സഹോദരനാ" യിരുന്നതുകൊണ്ടാണ് പൗലൊസ് തിമൊഥെയൊസിനെ സഹോദരൻ എന്നു വിളിച്ചത്. മറ്റു ക്രിസ്ത്യാനികളായിരുന്ന എരിസ്തൊസിനേയും, സൊസ്തെനോസിനേയും, അപ്പൊല്ലൊസിനേയും അവൻ "സഹോദരൻ" എന്നായിരുന്നു വിളിച്ചത്

(റോമ. 16:23; 1 കൊ. 1:1; 16:12). ഈ സന്ദർഭങ്ങളിൽ പൗലൊസ് ഉപയോഗിച്ച "സഹോദരൻ" എന്ന വാക്ക് ഭൗതികമായ സഹോദരനെയോ, ഒരു പദവി ആയോ അല്ലെങ്കിൽ സഭയിലെ ഒരു സ്ഥാനമായിട്ടോ ആയിരുന്നില്ല.

## കൊലൊസ്യയിലെ വിശ്വസ്ത സഹോദരന്മാർക്ക് (1:2)

**²ക്രിസ്തുവിൽ വിശ്വസ്ത സഹോദരന്മാർക്ക് എഴുതുന്നത്: നമ്മുടെ പിതാവായ ദൈവത്തിൽനിന്നു നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.**

ഒരുപക്ഷെ, പൗലൊസ് സഭകൾക്ക് എഴുതുമ്പോൾ, വ്യത്യസ്ത വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ വ്യക്തമല്ല. അവൻ തെസ്സലൊനിക്യയിലെയും, കൊരിന്ത്യയിലെയും, ഗലാത്യയിലെയും സഹോദരന്മാരെ സംബോധന ചെയ്തത് "സഭകൾ" എന്നാണ്. റോമർക്കും, ഫിലിപ്പിയർക്കും, കൊലൊസ്യർക്കും, എഫെസ്യർക്കും ലേഖനം എഴുതുമ്പോൾ അവരെ സംബോധന ചെയ്തത് "വിശുദ്ധന്മാർ" എന്നാണ്. "സഭ" എന്ന വാക്കിന്റെ അർത്ഥം, സംഘടിതമായ ക്രിസ്ത്യാനികളുടെ കൂട്ടം എന്നാണ്, എന്നാൽ "വിശുദ്ധന്മാർ" എന്നത് കൂട്ടമായി തീർന്ന വ്യക്തികളെയാണ് ഉദ്ദേശിച്ചത്. തന്റെ ലേഖനങ്ങൾക്ക് കൂടുതൽ വ്യക്തിപരമായ സ്പർശനം നൽകുന്നതിനു വേണ്ടിയായിരിക്കാം "വിശുദ്ധന്മാർ" എന്നു പറഞ്ഞത്.

### "കൊലൊസ്യയിലുള്ള വിശുദ്ധന്മാരും വിശ്വസ്തരുമായ സഹോദരന്മാർക്ക്" (1:2)

**വിശുദ്ധന്മാർ** (*ഹാഗിയോയി*) എന്നത് "വിശുദ്ധീകരിക്കപ്പെട്ടവർ" എന്നും തർജിമ ചെയ്തിരിക്കുന്നു. അതിന്റെ സമാനഗുണമുള്ള ക്രിയ (*ഹാഗിയാസോ*, "വിശുദ്ധീകരിക്കുക") എന്ന വാക്കിന്റെ അർത്ഥം പ്രത്യേക ഉദ്ദേശത്തിനായി "വേർതിരിക്കുക" എന്നാണ്. ക്രിസ്ത്യാനികളെ സംബന്ധിച്ച്, ലോകത്തിലെ ദുഷിച്ച പരിശീലനങ്ങളിൽനിന്ന് വേറിട്ട് ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാനാണ്. ക്രിസ്തീയ സമൂഹത്തിനുള്ളിലെ പ്രത്യേകമായി അവരോധിക്കപ്പെട്ടവരല്ല വിശുദ്ധന്മാർ, മറിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്ന എല്ലാവരും വിശുദ്ധന്മാരാണ് (പ്രവൃ. 26:10; റോമ. 8:27; 12:13; 2 കൊ. 13:13; 16:2; 2 കൊ. 1:1; എഫെ. 1:1)-ലൗകിക ജീവിതത്തിൽനിന്നു വേർപെട്ടവരാണ് അവർ (2 കൊ. 6:17). അവർ ഇരുട്ടിന്റെ അധികാരത്തിൽനിന്നും, ക്രിസ്തുവിന്റെ രാജ്യത്തിലേക്കും ദൈവത്തിന്റെ അത്ഭുത പ്രകാശത്തിലേക്കും വിളിച്ചു വേർതിരിക്കപ്പെട്ടവരാണ് (പ്രവൃ. 26:18; കൊലൊ. 1:13; 1 പത്രൊ. 2:9). "വിശുദ്ധന്മാർ" എന്നു പറയുമ്പോൾ, അവരുടെ വിളിയെയാണ് ഉദ്ദേശിക്കുന്നത്, അല്ലാതെ അവരുടെ പാപരഹിതമായ പെരുമാറ്റത്തെയല്ല. കൊരിന്ത്യസഭയിലെ ചില അംഗങ്ങൾ, ആത്മിയമായും, ഉപദേശപരമായും, ധാർമ്മികമായും കുഴപ്പത്തിലായിരുന്നിട്ടും, പൗലൊസ് അവരെ സംബോധന ചെയ്തത് "വിശുദ്ധന്മാർ" എന്നാണ് (1 കൊ. 1:2).

"വിശുദ്ധന്മാർ" എന്നും "വിശ്വസ്ത സഹോദരന്മാർ" എന്നും രണ്ട് വാക്കുകൾ ഉപയോഗിച്ചത് രണ്ട് കൂട്ടം ആളുകളെയായിരുന്നില്ല. രണ്ട് പ്രകടനങ്ങൾക്കുമായി ഒരു ആർട്ടിക്കിൾ (*ടോയിസ്*) മാത്രമാണ് ഉപയോഗിച്ചത്-അതു

സൂചിപ്പിക്കുന്നത്, ആ രണ്ടു വാക്കുകളും ഒരേ കൂട്ടം ആളുകളെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത് എന്നാണ്.

റോബർട്ട് ജി.ബ്രാച്ചറും യൂജിൻ എ.നിഡയും എഴുതി,

> ഗ്രീക്ക് വേദപുസ്തകത്തിലെ പ്രയോഗം "വിശുദ്ധന്മാർ" റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ (ആർഎസ്‌വി) ഒരു നാമവിശേഷണമായും, *സഹോദരന്മാർ* എന്നത് *വിശ്വസ്തർ* എന്നു പറഞ്ഞിരിക്കുന്നതുപോലെ പരിഷ്കരിക്കുന്നതായും ആണ്, കാരണം ആ പ്രയോഗത്തിനു മുഴുവനായും ഒരു ആർട്ടിക്കിൾ മാത്രമാണുള്ളത്: "നമ്മുടെ വിശുദ്ധരും വിശ്വസ്തരുമായ സഹോദരന്മാർക്ക്."[8]

അതേ നിയമം യോഹന്നാൻ 3:5 ലും കാണാം, "വെള്ളത്താലും ആത്മാവിനാലും" എന്ന പ്രയോഗത്തിൽ "ഓഫ്" (*എക്സ്*) ഒരു പ്രിപോസിഷൻ ആണുള്ളത്, അവിടെ രണ്ട് ജനനമല്ല, ഒരു ജനനമാണ് സൂചിപ്പിക്കുന്നത്. ആ ഏക ജനനത്തിൽ രണ്ടു മൂലകങ്ങൾ അടങ്ങിയിരിക്കുന്നു, "വെള്ളവും ആത്മാവും."

> "ആത്മാവിനു" മുൻപ് യോഹന്നാൻ രണ്ടാമതൊരു "ഓഫ്" (*എക്സ്*) ഉപയോഗിച്ചില്ല, അവൻ രണ്ട് വ്യത്യസ്ത സംഭവങ്ങളെയാണ് വിവരിച്ചതെങ്കിൽ അങ്ങനെ ഉപയോഗിക്കുമായിരുന്നു. ഏക വചന *എക്സ്* പറയുന്നത് ഏക സംഭവത്തെയാണ്. ആ ഏകവചനം പൂർണ്ണമായും വ്യാകരണപ്രകാരം പാസിവ് *ജെനെതെ* എന്നു പറയുന്നത് അക്ഷരികമായി വെള്ളത്താലും ആത്മാവിനാലും "ഒരിക്കലായ ജനനം" എന്നാണ് ...
>
> ആ വസ്തുത ഒരുമിച്ച് എടുത്താൽ യോഹന്നാൻ 3:3-5 ൽ പറയുന്നത് രണ്ട് സ്നാനവും രണ്ട് ജനനവുമാണെന്ന് (സ്വാഭാവിക ജനനശേഷം) പറയുവാനുള്ള ശ്രമം ഇല്ലാതാകും. ചിലർ അതിനെ "ജല-സ്നാനം" എന്നും പിന്നീട് "ആത്മ-സ്നാനം" എന്നും അല്ലെങ്കിൽ "നീതീകരണത്തിനായുള്ള" "പുർജ്ജനനം" എന്നും വിശുദ്ധീകരണത്തിനായുള്ള "ആത്മ-സ്നാനം" എന്നും വേർതിരിച്ച് പറയുന്നുണ്ട് ...
>
> ആത്മിയമായി ഒരാൾ ഒരിക്കൽ മാത്രമാണ് ജനിക്കുന്നത്, അത് "വെള്ളത്താലും ആത്മാവിനാലും ജനിക്കുമ്പോഴാണ്."[9]

**വിശ്വസ്തർ** എന്നതിന്റെ ഗ്രീക്ക് വാക്ക്, *പിസ്റ്റോയി*, നാമമായി ഉപയോഗിച്ചിരിക്കുന്ന "വിശ്വാസം" (*പിസ്റ്റിസ്*), ക്രിയയായ "വിശ്വസിക്കുക" (*പിസ്റ്റെയുവോ*). അത് യേശുവിന്റെ അനുയായികളെ ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നതിനാൽ ആ വാക്ക് എല്ലായ്പോഴും ക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് പറയുന്നത് എന്നു ധരിക്കരുത്. ഒരു ദാസൻ യജമാനനോട് വിശ്വസ്തത പുലർത്തിയേക്കാം (മത്താ. 24:45; 25:21, 23), തൊഴിലാളി തൊഴിൽദാതാവിനോട് വിശ്വസ്തത പുലർത്തിയേക്കാം (ലൂക്കൊ. 12:42; 1 കൊ. 4:2), ഒരു വ്യക്തി തന്റെ ഉത്തരവാദിത്തങ്ങളോട് വിശ്വസ്തനായേക്കാം (ലൂക്കൊ. 16:10), ഒരു ക്രിസ്ത്യാനി ക്രിസ്തുവിനോടും വിശ്വസ്തത പുലർത്തുന്നു (പ്രവൃ. 16:15). വിശ്വസ്തരായിട്ടാണ് ദൈവത്തെയും ക്രിസ്തുവിനേയും പറഞ്ഞിരിക്കുന്നത്. (1 കൊ. 1:9; 2 തെസ്സ. 3:3), അതുപോലെ ക്രിസ്തുവിനെ സേവിച്ച ചിലരും

(കൊലൊ. 1:7; 4:7, 9; 1 തിമൊ. 1:12; എബ്രാ. 3:5; 1 പത്രൊ. 5:12; വെളി. 2:13). അമ്മയപ്പന്മാരോട് വിശ്വസ്തതയും അനുസരണവും കാണിക്കുന്ന മക്കളെ കുറിച്ച് തിത്തൊസ് 1:6 ൽ പറയുമ്പോഴും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു- യോഗ്യതയുള്ള ഒരു മൂപ്പന്റെ ഭവനവും ആ സ്വഭാവത്തിലായിരിക്കും.

കൊലൊസ്യയിലെ **സഹോദരന്മാർ** “വിശ്വസ്തരായിരുന്നു.” അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും ക്രിസ്തീയ നടപ്പിൽ അവരെ പ്രോൽസാഹിപ്പിക്കുന്നതിനായിരിക്കാം പൗലൊസ് അവരെ “വിശ്വസ്തർ” എന്നു സംബോധന ചെയ്തത്. ക്രിസ്തുവിനോടുള്ള അവരുടെ വിശ്വാസവും, ഉൽസാഹത്തോടെ അവനെ പിൻപറ്റുന്നതും അതിൽ അന്തർലീനമാക്കിയിരിക്കുന്നു. അവർ ക്ഷമയോടെ, ഇളകാതെ, യേശുവിനെ തുടർച്ചയായി സേവിച്ചുകൊണ്ടിരുന്നു.

അവർ “സഹോദരന്മാർ” ആയത്, ദൈവമക്കളായതു, അവരുടെ ആത്മിയ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് (ഗലാ. 3:26). അവർ ക്രിസ്തുവിലായപ്പോൾ ഒരേ ഭവനത്തിലാകുകയും, സ്നാനത്തോടുകൂടി ക്രിസ്തുവിനെ ധരിക്കയും ചെയ്തിരിക്കുന്നു (ഗലാ. 3:27). “വിശുദ്ധന്മാർ” എന്നതും “സഹോദരന്മാർ” എന്നതും പുല്ലിംഗത്തിലാണ് പറഞ്ഞിരിക്കുന്നതെങ്കിലും, സഹോദരന്മാരും സഹോദരിമാരും അതിൽ ഉൾപ്പെട്ടിരിക്കുന്നു; അവർ ക്രിസ്തുവിൽ ഒന്നത്രെ (ഗലാ. 3:28), ഏക ശരീരത്തിൽ അവയവങ്ങളുമാണ് (1 കൊ. 12:13). ക്രിസ്ത്യാനികളായി തീർന്നതിനാൽ നാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു എന്നു നാം തിരിച്ചറിയണം. ഒരേ കുടുംബത്തിലായതിനാൽ, നമ്മെയെല്ലാം ഒരുമിച്ചു നിർത്തിയിരിക്കുകയാണ്.

**ക്രിസ്തുവിൽ** ആകുക എന്നാൽ ഒരേ ആത്മിയ പ്രതലത്തിലാകുക എന്നാണ് അർത്ഥം. തന്നിൽ ആകുക എന്ന ആശയം യേശു വ്യക്തമാക്കിയിരിക്കുന്നു (യോഹ. 6:56; 14:20; 15:1-7). “ക്രിസ്തുവിൽ” എന്ന ആശയം പൗലൊസ് തന്റെ ലേഖനങ്ങളിൽ എഴുതിയിരിക്കുന്നു (റോമ. 8:1; 1 കൊ. 15:18; 2 കൊ. 5:17; കൊലൊ. 1:4, 28; 2:5).

കൊലൊസ്യയിലുള്ളവരുടെ വിശ്വാസം നിമിത്തം “ക്രിസ്തുവിനോടു” ചേരുവാൻ സ്നാനം ഏൽക്കുകയും അവർ “ക്രിസ്തുവിൽ” ആകുകയും ചെയ്തു (റോമ. 6:3; ഗലാ. 3:27). സ്നാനത്താൽ ക്രിസ്തുവിനോട് ചേരുന്നവർക്ക് “സകല ആത്മികാനുഗ്രഹങ്ങളും” ഉണ്ട് (എഫെ. 1:3), അതിൽ “അകൃത്യങ്ങളിൽനിന്നുള്ള മോചനം എന്ന പാപമോചനവും” അടങ്ങിയിരിക്കുന്നു (എഫെ. 1:7), “കൃപയും” (2 തിമൊ. 2:1), “നിത്യജീവനും” ഉണ്ട് (1 യോഹ. 5:11). എഫെസ്യർ 2:13 പറയുന്നു, “മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു.” യേശുവിനു പുറത്തുള്ളവർ, ക്രിസ്തുവിനെ കൂടാതെ, ദൈവവും പ്രത്യാശയുമില്ലാത്തവരുമാണ് (എഫെ. 2:12).

ഈ ലേഖനം **കൊലൊസ്യയിലെ** ക്രിസ്ത്യാനികളായി തീർന്നവർക്കായി [രുന്നു] എഴുതിയതെങ്കിലും, അതു മറ്റുള്ളവർക്കും ബാധകമാണ് (4:16). മറ്റു ദൈവശ്വാസിയ എഴുത്തുകളോടൊപ്പം പൗലൊസിന്റെ ലേഖനങ്ങളും അംഗീകരിക്കണമെന്ന് അപ്പൊസ്തലനായിരുന്ന പത്രൊസ് പറഞ്ഞിരിക്കുന്നു (2 പത്രൊ. 3:15, 16). എല്ലാ കാലത്തെയും ക്രിസ്ത്യാനികൾക്കുള്ള നിർദ്ദേശങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്. പൗലൊസ് എഴുതിയത് കർത്താവിന്റെ കൽപനകൾ ആകുന്നു (1 കൊ. 14:37).

**“പിതാവായ ദൈവത്തിൽനിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ” (1:2)**

അവന്റെ മറ്റു ലേഖനങ്ങളിലേതുപോലെയുള്ള **കൃപയും സമാധാനവും** ഉൾപ്പെടുത്തിയ വന്ദനമാണ് പറഞ്ഞിരിക്കുന്നത്. “കൃപ” എന്നത് ഒരു ഗ്രീക്ക് വന്ദനമാണ് (ലൗകിക ഗ്രീക്കിൽ അത് സാധാരണ ഇൻഫിനിറ്റിവ്: *ചായിറെയിൻ* ആണ്), “സമാധാനം” എന്നതു യെഹൂദവന്ദനവുമാണ്. “കൃപ” (*കാരിസ്*), സ്നേഹം, വാൽസല്യം, കൈവശമാക്കിയ ആനുകൂല്യം അല്ലെങ്കിൽ ആരിൽനിന്നു പ്രകടമാകുന്നു എന്നു തിരിച്ചറിഞ്ഞു സ്വീകരിക്കലാണ്. “കൃപയെ” തിരുവെഴുത്ത് അഞ്ചു ഉപയോഗങ്ങളിൽകൂടെ കാണിച്ചു തരുന്നു:

1. കൃപാലുവായ, ആനന്ദിപ്പിക്കുക (ലൂക്കൊ. 4:22; കൊലൊ. 4:6).
2. സ്വീകരിക്കൽ അല്ലെങ്കിൽ ആനുകൂല്യം (ലൂക്കൊ. 1:30; പ്രവൃ. 2:47).
3. ദാനങ്ങൾ (2 കൊ. 4:15; 8:4).
4. സ്തോത്രവും നന്ദിയും (ലൂക്കൊ. 17:9; 1 കൊ. 15:57; കൊലൊ. 3:16; 2 തിമൊ. 1:3).
5. അനർഹമായ ഉപകാരം, സൗജന്യമായി നൽകൽ (റോമ. 3:24; എഫെ. 2:8).

മത്തായിയിലും മർക്കൊസിലും *കാരിസ്* കാണുന്നില്ലെങ്കിലും, ലൂക്കൊസിൽ അത് എട്ടു പ്രാവശ്യവും, യോഹന്നാനിൽ നാല് പ്രാവശ്യവും, പൗലൊസിന്റെ ലേഖനങ്ങളിൽ നൂറുപ്രാവശ്യവും കാണാം.

സെപ്ത്വജിന്റിൽ (LXX) *കാരിസ്* എബ്രായ വാക്ക് *ചെൻ* എന്നാക്കി തർജിമ ചെയ്തിരിക്കുന്നു, ഉയർന്ന ഒരാൾ നൽകുന്ന അനുഗ്രഹങ്ങൾ ആസ്വദിക്കുന്നതിനെയാണ് പ്രകടമാക്കുന്നത്. ദൈവം മനുഷ്യരിൽ പകരുന്ന ഉദാരമായ ഉപകാരം എന്ന അർത്ഥത്തിലും ഉപയോഗിക്കാം (റോമ. 15:15) അല്ലെങ്കിൽ പാപികളിൽ കാണിക്കുന്ന അനർഹമായ ആനുകൂല്യം (എഫെ. 2:8). കൃപ ദൈവവും മനുഷ്യരും തമ്മിലുള്ള വിടവ് നികത്തുന്നതാണ്.

ക്രൂശിൽ ചിന്തിയ, തന്റെ രക്തത്താൽ (എഫെ. 1:7) യേശു സകല മനുഷ്യരിലേക്കും കൃപ വ്യാപിപ്പിച്ചു (റോമ. 5:15). കൃപയോട് അടുക്കുവാൻ വിശ്വാസം ആവശ്യമാണ് (റോമ. 5:2), അത് ദൈവേഷ്ടത്തോട് പ്രതികരിക്കുന്ന വിശ്വാസമാണ് (യാക്കൊ. 2:24). ദൈവത്തിന്റെ കൃപയാൽ ലഭിക്കുന്നതാണ് രക്ഷ (എഫെ. 2:8, 9), അത് മനുഷ്യ പ്രയത്നത്താൽ ലഭിക്കുകയില്ല. തന്റെ ജനത്തിന് യേശു രക്ഷ നേടിയെങ്കിലും (മത്താ. 1:21), ആ രക്ഷ അനുസരണത്താൽ മാത്രമാണ് ലഭിക്കുന്നത് (എബ്രാ. 5:9). മരണത്തിനായി, അവൻ തന്നെ മറ്റുള്ളവരുടെ കൈകളിലേക്ക് കീഴ്പ്പെടുത്തി കൊടുത്തു; രക്ഷക്കായി ഒരു പ്രവൃത്തികളും ആവശ്യമില്ലാത്ത വിധത്തിൽ പ്രവർത്തിച്ചത് കർത്താവാണ്. അങ്ങനെ അവന്റെ മരണത്തിൽ പങ്കാളികളാകുന്നവർ സ്നാനമേൽക്കുവാൻ മറ്റൊരാളുടെ കയ്യിലേക്ക് ഏൽപിച്ചുകൊടുക്കണം (റോമ. 6:3), എങ്കിലേ പാപമോചനവും പരിശുദ്ധാത്മ സ്നാനവും ലഭിക്കുകയുള്ളു (പ്രവൃ. 2:38). ക്രിസ്തുവിനോട് ചേരുവാൻ ഒരാൾ സ്നാനം ഏൽക്കുമ്പോഴാണ്, ക്രിസ്തുവിലുള്ള കൃപ ലഭിക്കുന്നത് (2 തിമൊ. 2:1). പുനർജ്ജനന കഴുകൽ സംഭവിക്കുന്നത് മനുഷ്യരുടെ നീതിപ്രവൃത്തികളായ യോഗ്യതകൊണ്ടല്ല, താഴ്മയോടുകൂടിയുള്ള കീഴ്പ്പെടൽ നിമിത്തമാണ് (തിത്തൊ. 3:5-7). അങ്ങനെ രക്ഷക്ക്

കാരണമായത് യേശുവിന്റെ ജീവിതവും മരണവുമാണ് (റോമ. 5:9, 10).

പൗലൊസ് കൊലൊസ്യരെ വന്ദനം ചെയ്തപ്പോൾ, രക്ഷ ലഭിക്കുവാനുള്ള അനർഹമായ കൃപ അവരിൽ വരുവാൻ ആഗ്രഹിച്ചതായല്ല പറഞ്ഞത്, കാരണം അവർക്ക് രക്ഷ ലഭിച്ചു കഴിഞ്ഞിരുന്നു. മറിച്ച്, അവരുടെ ഉദാരമതിയായ സൃഷ്ടികർത്താവിൽനിന്ന് ദിവസന്തോറും ഭൗതികവും ആത്മികവുമായ ക്ഷേമത്തിനാവശ്യമായ കൃപ അവരിൽ എത്തിക്കുവാനായിരുന്നു അവൻ ആഗ്രഹിച്ചത്. ക്രിസ്ത്യാനിക്ക് രക്ഷക്കുള്ള കൃപ മാത്രമല്ല ലഭിക്കുന്നത്, രക്ഷിക്കപ്പെട്ട ശേഷവും സമൃദ്ധമായ ജീവനും (യോഹ. 10:10) ആത്മാവിനെ തൃപ്തിപ്പെടുത്തുന്ന ആവശ്യങ്ങളും കൃപ നിറവേറ്റുന്നു. അത്തരം കൃപയാണ് ദൈവത്തിൽനിന്ന് കൊലൊസ്യരിലെത്തുവാൻ പൗലൊസ് ആഗ്രഹിച്ചത്.

**ദൈവത്തിൽ നിന്നുള്ള സമാധാനത്തെ** കുറിച്ചും പൗലൊസ് പറഞ്ഞിരിക്കുന്നു. "സമാധാനം" എന്നതിന്റെ എബ്രായ വാക്കാണ് *ഷാലോം*, അർത്ഥം, ദൈവത്തിൽനിന്നുള്ള അനുഗ്രഹങ്ങളാൽ, ലഭിക്കുന്ന ആരോഗ്യകരമായ ആസ്വാദനം എന്നാണ്. "സമാധാനം" എന്നതിന്റെ ഗ്രീക്ക് വാക്ക് *എയിരെനെ* എന്നാണ്. യോജിപ്പുണ്ടാക്കുന്നതാണ് സമാധാനം, ക്ഷേ-മത്തിന് കുഴപ്പം സംഭവിക്കാത്ത അവസ്ഥ, കലഹമില്ലാത്ത ആത്മിയ വിശ്രമം, കലങ്ങാത്ത ആന്തരികമായ അവസ്ഥ. യേശു തന്റെ അനുയായികൾക്ക് സമാധാനം നൽകുന്നു. അതു ലോകം തരുന്നതുപോലെയോ (യോഹ. 14:27). അല്ലെങ്കിൽ കഷ്ടത കൂടാതെയോ ഉള്ളതല്ല (യോഹ. 16:33).

യേശുക്രിസ്തു മൂലം ദൈവത്തോട് നിരപ്പു പ്രാപിച്ച് സമാധാനം ലഭിച്ച ക്രിസ്ത്യാനികൾക്കായിരുന്നു ഈ ലേഖനം എഴുതിയത്. ആ സമാധാനം കൊലൊസ്യർ 1:20-22 ൽ പറഞ്ഞിരിക്കുന്നു, എന്നാൽ അതായിരുന്നില്ല ഈ സമയത്ത് പൗലൊസിന്റെ വിചാരം. മറിച്ച്, ദൈവത്തോട് നിരപ്പു പ്രാപിച്ച ശേഷം തുടർച്ചയായി സമാധാനമുള്ളവരാകുവാനായിരുന്നു അവൻ ഇഛിച്ചത്-അതായത് കുഴപ്പമുള്ള ലോകത്തിൽ സമാധാനവും സ്വസ്ഥതയും ഉണ്ടാകുക എന്നർത്ഥം.

ക്രിസ്ത്യാനികൾ "സമാധാനവും സ്വസ്ഥതയുമുള്ള" ജീവിതം നയിക്കുവാനായി നാം പ്രാർത്ഥിക്കണം (1 തിമൊ. 2:2) കൂടാതെ നമ്മുടെ ആകുലതകളെല്ലാം പ്രാർത്ഥനയിൽ ദൈവത്തോട് യാചിക്കണം (1 പത്രൊ. 5:7). അതിന്റെ ഫലമായി "എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും" (ഫിലി. 4:6, 7). ദൈവത്തിന്റെ സമാധാനം ലഭിക്കുവാൻ, ദൈവത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ച് നമ്മുടെ ചിന്തയും പ്രവൃത്തികളും മാറണം (ഫിലി. 4:8,9). വാസ്തവത്തിലുള്ള ഉറവിടമായ ദൈവത്തിൽ നിന്നാണ് കൊലൊസ്യർക്ക് കൃപയും സമാധാനവും ലഭിക്കുന്നത് എന്ന് പൗലൊസ് വ്യക്തമാക്കി.

വന്ദനം ചെയ്തതിന്റെ അവസാനം പൗലൊസ് **നമ്മുടെ പിതാവായ ദൈവ**മെന്ന് ചേർത്തിരിക്കുന്നു. "യേശുക്രിസ്തുവും" എന്നു കൂട്ടിച്ചേർക്കാതെ പിതാവ് എന്നു മാത്രം പൗലൊസിന്റെ ലേഖനങ്ങളിൽ വാക്യം 2 ൽ മാത്രമാണുള്ളത്. "ദൈവം" സൂചിപ്പിക്കുന്നത് ദൈവീകത്വത്തെയാണ്. പിതാവ് എന്നു പറയുന്നതിനു പുറമേ, "ദൈവം" എന്ന് യേശുവിനെ ഉദ്ദേശിച്ചും (യോഹ. 1:1) പരിശുദ്ധാത്മാവിനെ ഉദ്ദേശിച്ചും (പ്രവൃ. 5:3, 4) പറഞ്ഞിരിക്കുന്നു. ഇവിടെ പുതിയ നിയമത്തിൽ മറ്റ് ഭാഗങ്ങളിലെന്നപോലെ, "ദൈവം" എന്നു പറഞ്ഞിരിക്കുന്നത് യേശുവിനും പരിശുദ്ധാത്മാവിനും പകരം പിതാവിനെയാണ്.

ക്രിസ്ത്യാനികൾക്ക് ആരംഭത്തിന്റെയും കരുതലിന്റെയും കാര്യത്തിൽ ദൈവത്തെ "നമ്മുടെ പിതാവ്" എന്ന് വിളിക്കാം. ഒരു കുട്ടിക്ക് അവന്റെ നിലനിൽപ്പും കരുതലും ഭൗമിക പിതാവിൽ നിന്നായിരിക്കുന്നതുപോലെ, ഭൗതികവും ആത്മീകവുമായ നിലനിൽപ്പിനും നാം ദൈവത്തോട് കടപ്പെട്ടിരിക്കുന്നു. പ്രത്യേകമായ അർത്ഥത്തിൽ, ക്രിസ്ത്യാനികൾക്ക് അവനെ *നമ്മുടെ* പിതാവ് എന്നു വിളിക്കാം. ചിലപ്പോഴെല്ലാം പൗലൊസ് ദൈവത്തെ നമ്മുടെ പിതാവ് എന്ന്, മിക്കവാറും അവന്റെ വന്ദനങ്ങളിൽ പറഞ്ഞിരിക്കുന്നു. യേശു ശിഷ്യന്മാർക്ക് ദൈവത്തെ പരിചയപ്പെടുത്തിയത് "നമ്മുടെ പിതാവ്" എന്നു പറഞ്ഞുകൊണ്ടാണ്. ക്രിസ്തു അടിക്കടി ദൈവത്തെ "നിങ്ങളുടെ പിതാവ്" എന്നാണ് പറഞ്ഞത് (മത്താ. 5:16, 45).

## കൂടുതൽ പഠനത്തിന്

### "ക്രിസ്തുവിൽ"

"ക്രിസ്തുവിൽ" എന്ന പ്രധാനപ്പെട്ട ആശയം മിക്കവാറും പൗലൊസാണ് ഉപയോഗിച്ചിരിക്കുന്നത്. (അവന്റെ ലേഖനത്തിനു പുറമേ കാണപ്പെടുന്നത് യോഹന്നാൻ 15:2-6; 1 പത്രൊസ് 3:16; 5:14; 1 യോഹന്നാൻ 1:5; 2:5; 27, 28; 3:6; 5:11; വെളിപ്പാട് 14:13.). ക്രിസ്തുവിന്റെ ഗുണങ്ങളേയും ക്രിസ്ത്യാനികൾക്ക് അവനോടുള്ള ബന്ധത്തേയും കാണിക്കുന്നതിന് പൗലൊസ് "ക്രിസ്തുവിൽ" അല്ലെങ്കിൽ "അവനിൽ" എന്ന് കൊലൊസ്യർ അദ്ധ്യായം 1 ലും 2 ലും ഉപയോഗിച്ചിരിക്കുന്നു.

- ക്രിസ്തുവിൽ ആത്മീയ ബന്ധമുള്ളവർ (1:2, 4, 28).
- അവന്റെ വഹിക്കുന്ന ശക്തി (1:17)
- സകല സൃഷ്ടികൾക്കും ആവശ്യമായതെല്ലാം നൽകുവാൻ കഴിയുന്ന അവന്റെ പൂർണ്ണത (1:19).
- ക്രിസ്ത്യാനികൾ നടക്കുകയും പണിയുകയും ചെയ്യുന്ന ആത്മീയ പ്രതലം (2:6, 7).
- അവന്റെ പൂർണമായ ദൈവീകത്വം (2:9).
- ക്രിസ്ത്യാനികളെ പൂർണ്ണമാക്കൽ (2:10).
- സ്നാനത്തിൽ അവൻ നൽകുന്ന ആത്മീയ പരിച്ഛേദന (2:11).

ക്രിസ്തുവിനോടുള്ള ബന്ധത്തിൽ അവന്റെ ആത്മീയ അനുയായികളെ വിവേചിക്കുവാൻ, "ക്രിസ്തുവിൽ," "അവനിൽ" എന്നീ വാക്കുകൾ തന്റെ ലേഖനങ്ങളിൽ പൗലൊസ് ഉപയോഗിച്ചിരിക്കുന്നു. "ക്രിസ്തുവിൽ," അല്ലെങ്കിൽ "കർത്താവിൽ" എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്ത്യാനികളെ അഥവാ ഇടവകകളിലെ വിവിധ അംഗങ്ങളെ ആയിരുന്നു.[10]

സകല ആത്മീക അനുഗ്രഹങ്ങളും "ക്രിസ്തുവിൽ" ആണ് ഉള്ളത് (എഫെ. 1:3). ആ അനുഗ്രഹങ്ങളിൽ താഴെ കൊടുത്തിരിക്കുന്നവ ഉൾപ്പെടുന്നു:

1. വീണ്ടെടുപ്പ് (റോമ. 3:24; എഫെ. 1:7)
2. പാപമോചനം (എഫെ. 1:7; കൊലൊ. 1:14)
3. നിത്യജീവൻ (റോമ. 6:23; 2 തിമൊ. 1:1; 1 യോഹ. 5:11).

4. വിശുദ്ധീകരണം (1 കൊ. 1:2).
5. കൃപ (1 കൊ. 1:4; 2 തിമൊ. 1:9; 2:1)
6. പുതിയ സൃഷ്ടി (2 കൊ. 5:17).
7. നിരപ്പ് (2 കൊ. 5:19)
8. നീതീകരിക്കുക (2 കൊ. 5:21).
9. ദൈവത്തോട് സമീപസ്ഥരാക്കുക (എഫെ. 2:13)
10. രക്ഷ (2 തിമൊ. 2:10).

എങ്ങനെ നമുക്ക് "ക്രിസ്തുവിൽ" ആകാം? "ക്രിസ്തുവിൽ" ആകുന്ന വ്യക്തിക്ക് സകല ആത്മീക അനുഗ്രഹങ്ങളും ആസ്വദിക്കുവാൻ കഴിയും. അത് വാസ്തവമാകയാൽ രണ്ട് പ്രധാന ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കേണ്ടതാണ്. "ഒരാൾ ക്രിസ്തുവിൽ എങ്ങനെ പ്രവേശിക്കും?" എന്നതാണ് ആദ്യത്തെ ചോദ്യം. "ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേറ്റിരിക്കുന്നു എന്ന് അറിയുന്നില്ലയോ?" എന്നതാണ് പൗലൊസിന്റെ ഉത്തരം (റോമ. 6:3); "ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ. 3:27). സ്നാനമേറ്റവർ ആദ്യം സുവിശേഷം കേൾക്കണം (യോഹ. 6:45), വിശ്വസിക്കുകയും (മർ. 16:15, 16), മാനസാന്തരപ്പെടുകയും (പ്രവൃ. 2:38), യേശുവിനെ കർത്താവ് എന്ന് ഏറ്റു പറകയും വേണം (പ്രവൃ. 8:37; റോമ. 10:9, 10). രണ്ടാമത്തെ ചോദ്യം "ഒരാൾ സ്നാനമേറ്റു കഴിഞ്ഞാൽ ക്രിസ്തുവിൽ ആയി എന്ന് എങ്ങനെ അറിയാം?" യോഹന്നാന്റെ എഴുത്തുകളിൽ അതിനുള്ള ഉത്തരം നൽകുന്നു: "എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കു അറിയാം" (1 യോഹ. 2:5). "അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു" (1 യോഹ. 3:24).

## പ്രായോഗികത

**യേശു തിരഞ്ഞെടുത്ത സന്ദേശ വാഹകരായ, അപ്പൊസ്തലന്മാർ (1:1)**

താൻ യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പൗലൊസ് ആണെന്ന് ഉറപ്പിച്ചുകൊണ്ടാണ് അവൻ കൊലൊസ്യർക്ക് ലേഖനം എഴുതുവാൻ തുടങ്ങിയത്. യേശു ചിലരെ അപ്പൊസ്തലന്മാരായി നിയമിച്ചു (എഫെ. 4:11). എന്നാൽ എല്ലാവരേയും അപ്പൊസ്തലന്മാരാക്കിയില്ല (1 കൊ. 12:28, 29). അവർക്ക് സഭയിൽ പ്രത്യേകമായ സ്ഥാനം ഉണ്ടായിരുന്നു.

(1) *അപ്പൊസ്തലന്മാരിൽ സത്യം നിറഞ്ഞിരുന്നു*. അപ്പൊസ്തലന്മാർ പ്രാരംഭ സഭക്ക് മാത്രമല്ല നമുക്കും പ്രാധാന്യമുള്ളവരാണ്, കാരണം യേശുക്രിസ്തു അവർക്ക് പ്രത്യേക ഉപദേശവും അധികാരവും നൽകിയിരുന്നു. അവരെ ഉപദേശിച്ച്, പരിശീലിപ്പിച്ച്, ഉപദേശിപ്പാനായി അവൻ അവരെ അയച്ചു (മർ. 3:14).

(2) *സഭ പണിയേണ്ടിയിരുന്നത് അപ്പൊസ്തലന്മാരിൽ ആയിരുന്നു, കാരണം അവർ അടിസ്ഥാനത്തിൽ ഉൾപ്പെട്ടവരാണ്* (എഫെ. 2:20). പരിശുദ്ധാത്മാവിൽ നിന്നാണ് അവർക്ക് ഉപദേശം ലഭിച്ചത് (എഫെ. 3:5). ആരെങ്കിലും

മറ്റൊരു സന്ദേശം അറിയിച്ചാൽ സ്വർഗ്ഗത്തിൽ നിന്ന് ശാപം അവരുടെ മേൽ വരും (ഗലാ. 1:8, 9).

(3) *നമുക്ക് ഇന്നു അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ ഉണ്ട്.* യേശു അവർക്കു കൊടുത്ത ദൗത്യത്തിൽ അപ്പൊസ്തലന്മാർക്ക് അവന്റെ ആജ്ഞ വിശദമാക്കിക്കൊടുത്തു (മത്താ. 28:19, 20):

- അവർ സകല ജാതികളേയും ശിഷ്യരാക്കേണ്ടിയിരുന്നു.
- അവൻ അവരെ ഉപദേശിച്ചതെല്ലാം പ്രമാണിപ്പാൻ തക്കവണ്ണം അവർ ആളുകളെ ഉപദേശിക്കണമായിരുന്നു.
- ക്രിസ്തീയ യുഗാന്ത്യം വരെ സകല ദേശക്കാർക്കും ജാതിക്കാർക്കും ഉള്ളതാണ് അവന്റെ ഉപദേശങ്ങളും കല്പനകളും.

തങ്ങൾക്ക് ലഭിച്ച സന്ദേശം സൂക്ഷിക്കപ്പെടുവാൻ അപ്പൊസ്തലന്മാർ അവ എഴുതി, അങ്ങനെ അവരുടെ മരണശേഷം അവർക്ക് വെളിപ്പെട്ടു കിട്ടിയത് അറിയുവാൻ ഇടയാകും (2 പത്രൊ. 1:15; 3:1, 2). അവർ എഴുതിയതെല്ലാം "കർത്താവിന്റെ കല്പനകൾ" ആയി ആളുകൾ സ്വീകരിക്കുന്നു (1 കൊ. 14:37). അപ്പൊസ്തലന്മാർ ഇട്ട ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ ക്രിസ്ത്യാനികൾ എങ്ങനെ പണിയണമെന്ന് ശ്രദ്ധിക്കണം (1 കൊ. 3:10).

അപ്പൊസ്തലന്മാർക്ക് സകല സത്യവും നൽകി. അവർ സകല ജാതികളോടും സത്യം പ്രസംഗിക്കണമായിരുന്നു. ഇന്നു സഭ അപ്പൊസ്തലന്മാരുടെ ഉപദേശങ്ങളിൽ നിയന്ത്രിക്കപ്പെട്ടിരിക്കണം. പുതിയ നിയമത്തിൽ അടിസ്ഥാനത്തിന്റെ ഭാഗമായിരുന്നു അപ്പൊസ്തലന്മാരും പ്രവാചകന്മാരും (എഫെ. 2:20). അതിന്മേൽ ആണ് എല്ലാ ക്രിസ്ത്യാനികളും പണിയേണ്ടത്.

**തിമൊഥെയോസിനെപ്പോലെയുള്ള ഒരു ഉപദേഷ്ടാവ് (1:1)**

അപ്പല്ലോസും പൗലൊസും സഹപ്രവർത്തകരായിരുന്നതു പോലെ, തിമൊഥെയോസ് ക്രിസ്തീയ സഹോദരനും ക്രിസ്തുവിന്റെ സഹപ്രവർത്തകനും ആയിരുന്നു (1 കൊ. 3:3, 4), എല്ലാ ക്രിസ്ത്യാനികളും അങ്ങനെയായിരിക്കണം. തിമൊഥെയോസിനു അപ്പൊസ്തലന്റെ അധികാരമോ അത്ഭുത വരങ്ങളോ ഇല്ലായിരുന്നു. പൗലൊസ് കൊലൊസ്യർക്കു ലേഖനമെഴുതിയപ്പോൾ തിമൊഥെയോസിനെ ഒരു സഹ പ്രവർത്തകനായി അംഗീകരിച്ച് വന്ദനം പറഞ്ഞുകൊണ്ടാണ് എഴുതിയത്. പുതിയ നിയമം ദൈവശ്വാസീയമായി എഴുതിയവരുടെ ഉപദേശങ്ങൾ തിമൊഥെയൊസിനെപ്പോലെ തരം തിരിച്ചുവേണം ഇന്നത്തെ ഉപദേഷ്ടാക്കന്മാർ ഉപദേശിക്കുവാൻ.

(1) *തിമൊഥെയോസിനെപ്പോലെ, നമുക്കു ഉപദേശം ലഭിക്കുന്നത് അപ്പൊസ്തലന്മാരിൽ നിന്നാണ്.* പൗലൊസിന് ഉപദേശം ലഭിച്ചത് പരിശുദ്ധാത്മാവിനാൽ യേശുക്രിസ്തു മൂലമാണ് (ഗലാ. 1:11, 12; എഫെ. 3:5). തനിക്കുപദേശിക്കുവാനുള്ള സന്ദേശം തിമൊഥെയോസിനു ലഭിച്ചത് പൗലൊസിൽ നിന്നായിരുന്നു (2 തിമൊ. 2:2). നാമും കൂടെ, യേശുവിന്റെ ഉപദേശം പഠിക്കുവാനായി അപ്പൊസ്തലന്മാരുടേയും മറ്റ് പുതിയ നിയമ എഴുത്തുകാരുടേയും ഉപദേശങ്ങൾ നോക്കണം, കാരണം അവൻ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനും, പുതിയ നിയമ ഉപദേശത്തിന്റെ സ്ഥാപകനുമാണ് (എബ്രാ. 2:10; 12:2, 24). ക്രിസ്തീയ യുഗത്തിന് ആവശ്യമായ ദൈവത്തിന്റെ വെളിപ്പാട് അവൻ മുഖാ

ന്തമാണ് നമുക്കു ലഭിക്കുന്നത് (എബ്രാ. 1:1, 2).

(2) *തിമൊഥെയോസിനെപ്പോലെ എന്തുപദേശിക്കുന്നു എന്നതിൽ ശ്രദ്ധിക്കണം.* യേശുവും അപ്പൊസ്തലന്മാരും അവരുടെ ഉപദേശത്തിൽ ശ്രദ്ധിച്ചിരുന്നതു പോലെ പൗലൊസും സഹ പ്രവർത്തകരും ശ്രദ്ധിക്കണമായിരുന്നു. "അന്യഥാ ഉപദേശിക്കരുത്" എന്നു പഠിപ്പിക്കുവാനായിരുന്നു പൗലൊസ് തിമൊഥെയോസിനെ എഫെസൊസിൽ വിട്ടേച്ചു പോയത് (1 തിമൊ. 1:3). യാക്കോബ് എഴുതി, "സഹോദരന്മാരെ അധികം ശിക്ഷാവിധി വരും എന്നറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്" (യാക്കൊ. 3:1). ന്യായവിധി നാളിൽ അവർ അവന്റെ നാമത്തിൽ പ്രവചിച്ചിരുന്നു എങ്കിലും, അവർ യേശുവിനെ വിട്ടു പോകുവാൻ പറയുമെന്ന് യേശു മുന്നറിയിച്ചിരിക്കുന്നു (മത്താ. 7:22, 23).

പിതാവിൽ നിന്നു ലഭിച്ച സന്ദേശം ശ്രദ്ധയോടെയായിരുന്നു യേശു ഉപദേശിച്ചത് (യോഹ. 7:16; 8:26; 14:10, 24). അവൻ സ്വയമായിട്ട്എന്തെങ്കിലും സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തില്ല; പിതാവ് നൽകിയ വാക്കുകൾ മാത്രം അവൻ സംസാരിച്ചു. യേശു നൽകിയ സന്ദേശം മാത്രം ഉപദേശിക്കുന്നതിൽ, പരിശുദ്ധാത്മാവും, ശ്രദ്ധിച്ചിരുന്നു. അവനെക്കുറിച്ചു യേശു പറഞ്ഞു, "അവൻ സ്വയമായി സംസാരിക്കാതെ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും" (യോഹ. 16:13).

തങ്ങൾക്കു ലഭിച്ച സത്യം മാത്രം മറ്റുള്ളവർക്കു പകർന്നു കൊടുക്കാൻ അപ്പൊസ്തലന്മാരും അതുപോലെ ശ്രദ്ധിച്ചിരുന്നു. പൗലൊസ് എഴുതി, "ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ചു ഉപായം പ്രയോഗിക്കാതെയും ദൈവവചനത്തിൽ കൂട്ടു ചേർക്കാതെയും സത്യം വെളിപ്പെടുത്തുന്നതിനാൽ ദൈവസന്നിധിയിൽ സകല മനുഷ്യരുടെയും മനസ്സാക്ഷിക്കു ഞങ്ങളെത്തന്നേ ബോധ്യമാക്കുന്നു" (2 കൊ. 4:2).

പിതാവ് നമ്മോടു അറിയിക്കുവാൻ ആവശ്യപ്പെട്ട സന്ദേശം കൃത്യമായാണ് യേശു പരിശുദ്ധാത്മാവ് മുഖാന്തരം അപ്പൊസ്തലന്മാർക്ക് നൽകിയത്. അപ്പൊസ്തലന്മാർ മുഖാന്തരം ശ്രദ്ധയോടെ വെളിപ്പെടുത്തിയ സന്ദേശം നമുക്കുണ്ട്, ആ സന്ദേശം വചനം മുഖാന്തരം നാം മറ്റുള്ളവരോട് മാറ്റം കൂടാതെ അറിയിക്കുവാൻ ശ്രദ്ധിക്കണം. വചനം കോട്ടിക്കളയുന്നവർ തങ്ങളുടെ നാശത്തിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത് (2 പത്രൊ. 3:15, 16).

**വിശ്വസ്ത സഹോദരന്മാർ (1:2)**

കൊലൊസ്യർ കർത്താവിൽ വിശ്വസ്തരാണ് എന്ന് പൗലൊസ് മനസിലാക്കി (1:2). ദുരുപദേശങ്ങളെ മുന്നറിയിക്കുന്നതിനാണ് അവൻ ഈ ലേഖനം എഴുതിയത് (2:8–23). എന്തു പഠിപ്പിക്കുന്നു എന്ന് ഉപദേഷ്ടാക്കന്മാർ മാത്രമല്ല, ഉപദേശങ്ങൾ വിശ്വസിക്കയും സ്വീകരിക്കുകയും ചെയ്യുന്നവരും ശ്രദ്ധിക്കണം.

വഞ്ചനാപരമായ ഉപദേശങ്ങൾ നാം അവിശ്വസ്തരാകുവാൻ കാരണമാകുന്നു. 2 തെസ്സലോനിക്യർ 2:10–12 ൽ, വഞ്ചനാ പരമായ ഭോഷ്ക് വിശ്വസിക്കുന്നവർക്ക് നേരിടുവാൻ ഇരിക്കുന്ന ആപത്തിനെക്കുറിച്ച് പൗലൊസ് മുന്നറിയിച്ചിരിക്കുന്നു. വിശ്വസിക്കാത്ത ക്രിസ്ത്യാനികളെ ദുരുപദേശം വഞ്ചിക്കുകയില്ല. നാം തെറ്റിപ്പോകാതിരിക്കുവാൻ സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളണം (2 തെസ്സ. 2:10), യേശുവിന്റെ ഉപദേശങ്ങൾ തുടർച്ചയായി പഠിച്ചുകൊണ്ട് അത് ഒഴിവാക്കുവാൻ കഴിയും (യോഹ. 8:31, 32). യേശുവിൽ

നമുക്ക് സത്യം കാണാം (യോഹ. 1:14, 17; എഫെ. 4:21).

"നാശകരമായ മതഭേദങ്ങൾ" ഉണ്ടാക്കുന്ന ദുരുപദേഷ്ടാക്കളെക്കുറിച്ച് പത്രൊസ് മുന്നറിയിച്ചു (2 പത്രൊ. 2:1). എഫേസ്യ മൂപ്പന്മാരെ ഉപദേശിക്കുമ്പോൾ, അവരുടെ ഇടയിൽ നിന്ന് വിപരീതോപദേശം സംസാരിക്കുന്ന പുരുഷന്മാർ എഴുന്നേൽക്കുമെന്നു പൗലൊസ് പറഞ്ഞു (പ്രവൃ. 20:29-31). ക്രിസ്ത്യാനികൾ എല്ലാ ഉപദേശവും പരിശോധിച്ചു വേണം കൈക്കൊള്ളുവാൻ, അല്ലെങ്കിൽ അവർ തെറ്റിപ്പോകും (1 യോഹ. 4:1).

പഴയ നിയമത്തിൽ ദൈവത്തിൽ നിന്ന് അരുളപ്പാട് ലഭിച്ച്, യിസ്രയേൽ രാജാവായ യെരോബയാമിന്റെ അടുക്കൽ അത് എത്തിക്കുവാൻ പോയ ഒരു യുവ പ്രവാചകന്റെ ദുഃഖകരമായ സംഭവങ്ങൾ വിവരിച്ചിരിക്കുന്നു (1 രാജാ. 13:1-25). അവൻ സന്ദേശം അറിയിക്കുവാൻ പോകുമ്പോൾ പോകുന്ന വഴിക്ക് തിന്നുകയോ കുടിക്കുകയോ ചെയ്യരുതെന്നും, മടങ്ങിവരുമ്പോൾ പോയ വഴിയായി തിരിച്ചുവരരുതെന്നും അവനോടു ദൈവം പറഞ്ഞിരുന്നു.

അവൻ യെരോബെയാമിനോട് സന്ദേശം അറിയിക്കുകയും, താമസിച്ച് വിശ്രമിക്കുവാനും പ്രതിഫലം സ്വീകരിക്കുവാനും രാജാവ് അവനോട് പറഞ്ഞു. എന്നാൽ കർത്താവ് അത് വിലക്കിയിരിക്കുന്നു എന്നായിരുന്നു അവന്റെ പ്രതികരണം.

ഒരു വൃദ്ധനായ പ്രവാചകൻ അതിനെക്കുറിച്ച് കേട്ടു. അവൻ ആ യുവ പ്രവാചകനെ പിന്തുടർന്നു ചെന്നു അവനോടു പറഞ്ഞു, "ഞാനും നിന്നെപ്പോലെ ഒരു പ്രവാചകൻ ആകുന്നു; 'അപ്പം തിന്നുകയും വെള്ളം കുടിക്കുകയും ചെയ്യേണ്ടതിന് നീ അവനെ നിന്റെ വീട്ടിൽ കൂട്ടിക്കൊണ്ടു വരിക' എന്നു ഒരു ദൂതൻ യഹോവയുടെ കല്പനയാൽ എന്നോടു പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു, അവൻ പറഞ്ഞതോ ഭോഷ്ക്കായിരുന്നു" (1 രാജാ. 13:18).

ഭോഷ്ക് വിശ്വസിച്ച യുവ പ്രവാചകന് അപകടമായിരുന്നു ഫലം. അവൻ തന്റെ വീട്ടിലേക്ക് മടക്കയാത്ര ചെയ്തപ്പോൾ ഒരു സിംഹം അവനെ കൊന്നുകളഞ്ഞു. അവൻ ദൈവത്തിന്റെ സന്ദേശം മാത്രമേ വിശ്വസിക്കുവാൻ പാടുള്ളായിരുന്നു, മനുഷ്യരുടെ സന്ദേശം വിശ്വസിക്കുവാൻ പാടില്ലായിരുന്നു, അത് ദൂതൻ പറഞ്ഞു എന്ന കാരണത്താൽ ആണെങ്കിൽ പോലും.

പുതിയ നിയമത്തിൽ യേശു വെളിപ്പെടുത്തിയ ഉപദേശം തന്നെ പിൻപറ്റുവാൻ ഓരോ ക്രിസ്ത്യാനിയും ശ്രദ്ധിക്കണം. അതിനു വിരുദ്ധമായ ഉപദേശങ്ങൾ അനുസരിച്ചാൽ രക്ഷക്കു പകരം ശിക്ഷാവിധിയായിരിക്കും ഫലം. പുതിയ നിയമം എഴുതിയ ദൈവശ്വാസീയരായ എഴുത്തുകാരാൽ യേശു പഠിപ്പിച്ചതാണ് ക്രിസ്ത്യാനികൾ അനുസരിക്കേണ്ടത്. "ആദിമ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശം ധ്യാനിച്ച്" അവരുടെ മാതൃകയായിരുന്നു എല്ലാ ക്രിസ്ത്യാനികളും പിമ്പറ്റിയിരുന്നത് (പ്രവൃ. 2:42).

---

കുറിപ്പുകൾ

[1]എച്ച്. സി. ജി. മൗൾ, *ദ എപ്പിസ്റ്റൽ റ്റു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ,* ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രിഡ്ജ്: യൂണിവേഴ്സിറ്റി പ്രസ്സ്, 1893; റീപ്രിന്റ്, 1902), 63. [2]ഈ. ഈ. എല്ലിസ്, "പോൾ," ഇൻ ന്യൂ ബൈബിൾ ഡിഷ്ണറി 2ഡ് എഡി., എഡി. ജെ. ഡി. ഡെഗ്ലസ്, റവ. എൻ. ഹില്ലി

യർ (വീറ്റൺ, Ill.: ടിന്റെയിൽ ഹൗസ് പബ്ലിഷിങ്, 1982), 891. [3]തോമസ് ഡബ്ലിയു. മാർട്ടിൻ, "നിക്കപ്പൊലിസ്," *ദ ആങ്കർ ബൈബിൾ ഡിഷ്ണറി,* എഡി. ഡേവിഡ് നോയൽ ഫ്രീമാൻ (ന്യൂയോർക്ക്: ഡബിൾഡേ, 1992), 4:1108. [4]ഡി. എഡ്മണ്ട് ഹിയേബർത്ത്, "പോൾ," ഇൻ *ദ ന്യൂ ഇന്റർനാഷണൽ ഡിഷ്ണറി ഓഫ് ദ ബൈബിൾ,* എഡി. മെറിൽ സി. ടെനി, റവ. ജെ. ഡി. ഡെഗ്ലസ് (ഗ്രാന്റ്റാപ്പിഡ്സ്, മൈക്ക്.: റിജൻസി റഫറൻസ് ലൈബ്രറി, സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1987), 760. [5]ഹെർബർട്ട് എം. കാഴ്സൺ, *ദ എപ്പിസ്റ്റൽ ഓഫ് പോൾ റ്റു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമന്ററി,* ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമന്ററിസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലിഷിംങ് കമ്പനി., 1960), 26. [6]ഡൊണാൾഡ് ഗത്രി, "തിമൊത്തി" ഇൻ ന്യൂ ബൈബിൾ ഡിഷ്ണറി, 2ഡ് എഡി. ജെ. ഡി. ഡെഗ്ലസ്സ്, റവ. എൻ. ഹില്ലിയർ (വിറ്റൺ, Ill.: ടിൻഡേൽ ഹൗസ് പബ്ലിഷിങ് 1982), 1201. [7]ഡൊണാൾഡ് സ്റ്റാംമ്പ്സ്, എഡി., *ദ ഫുൾ ലൈഫ് സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് കമ്പനി., 1992), 1677. [8]റോബർട്ട് ജി. ബ്രാച്ചർ ആന്റ് യൂജിൻ എ. നിഡ, *എ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ് ബുക്ക് ഓൺ പോൾസ് ലറ്റേഴ്സ് റ്റു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ,* ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1977), 4. [9]ഫ്രെഡറിക്ക് ഡെയിൽ ബ്രൂണർ, *തിയോളജി ഓഫ് ദ ഹോളിസ്പിരിറ്റ്: ദ പെന്തിക്കോസ്തൽ എക്സ്പീരിയൻസ് ആന്റ് ദ ന്യൂ ടെസ്റ്റമെന്റ് വിറ്റ്നസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1970; റീപ്രിന്റ്, 1986), 257–58. [10]റോമ. 12:5; 16:3, 7, 9, 10; 1 കൊ. 3:1; 4:10; 2 കൊ. 1:21; ഗലാ. 1:22; 3:28; എഫെ. 1:1, 3, 4; ഫിലി. 4:1, 2, 21; 1 തെസ്സ. 2:14; 3:8.